June 2016
Vol. 13 - Issue 06
Published on
2nd June 2016

**Sahyanadham**
Annual Subscription Rs. 180.00

Reg. No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12498
Posted at Thodupuzha Stg.



Newly Consecrated Church Pazhayarikandam

Printed at St. Martha's Offset Printers, Murickassery, Idukki Dist. 685 604, Ph. 263688
Editor, Printer & Publisher, Rev. Fr. James Punnaplackal, Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 13
ജൂൺ 2016
ലക്കം 06



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 13
Issue No. : 6
Month : June 2016





*Patron*

**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*

**Rev. Dr. Joseph Kochukunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikkoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| മാധ്യമദിന സന്ദേശം | 05 |
| വിശ്വാസപരിശീലന വർഷാരംഭം | 12 |
| രൂപതക്കച്ചേരി | 17 |
| ക്രിസ്തുജ്യോതി | 22 |
| വിദ്യാഭ്യാസം | 27 |
| സാമൂഹ്യസേവനം | 32 |
| തിരുബാലസഖ്യം | 34 |
| ചെറുപുഷ്പ മിഷൻലീഗ് | 36 |
| കെ.സി.എസ്.എൽ. | 37 |
| കുടുംബ പ്രേഷിതത്വം | 38 |
| മാതൃവേദി | 40 |
| പ്രാർത്ഥനാഗ്രൂപ്പ് | 40 |
| കേരള ലേബർ മൂവ്മെന്റ് | 42 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 45 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 47 |


**"Dear Religious: wake up the world! Be witnesses to a different way of thinking, acting and living!"**

*(Pope Francis : Tweet 12/05/2016 )*

## ഓർമ്മിക്കാൻ

### ജൂൺ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | വി. ജസ്റ്റിൻ |
| | : | ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ആരംഭിക്കുന്നു |
| 03 | : | ഈശോയുടെ തിരുഹൃദയത്തിരുനാൾ |
| 04 | : | മാതാവിന്റെ വിമലഹൃദയം |
| 05 | : | സമ്പർക്കമാധ്യമദിനം |
| 08 | : | വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ ക. |
| 09 | : | മാർ അപ്രേം മ. |
| 11 | : | ബർണ്ണബാസ് ശ്ലീഹാ |
| | : | ജോയിന്റ് ഡയറക്ടേഴ്സ് സംഗമം, ചെറുപുഷ്പ മിഷൻലീഗ് |
| 13 | : | പാദുവായിലെ വി. അന്തോണീസ് |
| 13-15 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |
| 22 | : | വി. ജോൺ ഫിഷറും വി. തോമസ് മൂറും |
| | : | പ്രസ്ബിത്തേരിയം |
| 24 | : | വി. യോഹന്നാൻ മാംദാനയുടെ ജനനം |
| 25 | : | ജോർദ്ദാനിയ സമൂഹമാമോദീസ ഇരട്ടയാർ |
| | : | തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനം വാഴത്തോപ്പ് |
| 27-29 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |
| 28 | : | വി. ഇരണേവൂസ് മ. വേ. |
| 29 | : | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ |

C. 15. **സർക്കുലർ**

# മാർപാപ്പായുടെ മാധ്യമദിന സന്ദേശം-2016

**(ജൂൺ 5, ഞായർ 2016)**

**50-ാമത് ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ നല്കുന്ന സന്ദേശം**

**സാമൂഹികസമ്പർക്കവും കരുണയും: സഫലമായ ഒരു നേർക്കാഴ്ച**

പ്രിയ സോദരരെ,

ഇത് കരുണയുടെ വിശുദ്ധവത്സരമാണ്. കരുണയും സാമൂഹികസമ്പർക്കവും തമ്മിൽ ഉളവാകേണ്ട ബന്ധത്തെക്കുറിച്ച് നമുക്കു പരിചിന്തനം ചെയ്യാം. കരുണയുടെ പിതാവിന്റെ സാക്ഷത്തായ അവതാരമാണ് ക്രിസ്തു. ആ ക്രിസ്തുവിനോടു ചേർന്ന് സഭ സത്തയിലും കർമ്മത്തിലും കരുണ പ്രാവർത്തികമാക്കേണ്ടതുണ്ട്; അതാണ് അവളുടെ വ്യതിരിക്തതയുടെ അടയാളം. സഭാമക്കളെന്നനിലയിൽ നാം പറയുന്നതും ചെയ്യുന്നതും - നമ്മുടെ ഓരോ വാക്കും ചലനവും - ദൈവത്തിന്റെ കരുണയെയും ആർദ്രതയെയും ക്ഷമിക്കുന്ന സ്നേഹത്തെയും വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. സ്നേഹത്തിന്റെ തനതുഭാവംതന്നെ ബന്ധമാണ്; സമ്പർക്കവും വിനിമയവുമാണ്. അതു തുറവിയിലേക്കും പങ്കുവയ്ക്കലിലേക്കും നയിക്കുന്നു. നമ്മുടെ ഹൃദയവും പ്രവൃത്തികളും ഉപവിയാലും ദൈവസ്നേഹത്താലും പ്രചോദിതമെങ്കിൽ നമ്മുടെ സമ്പർക്കങ്ങളും വിനിമയങ്ങളും ദൈവശക്തിയുടെ സ്പർശമുള്ളതായിരിക്കും.

ദൈവമക്കളെന്ന നിലയിൽ എല്ലാവരും പരസ്പരസമ്പർക്കത്തിനും വിനിമയത്തിനും വിളിക്കപ്പെട്ടവരാണ്. ആരും ഈ ദൗത്യത്തിൽനിന്ന് ഒഴിവാക്കപ്പെടുന്നില്ല. വ്യതിരിക്തത പുലർത്തിക്കൊണ്ടുതന്നെ കരുണയെ അറിയിക്കുവാനും ഹൃദയങ്ങളെ സ്പർശിക്കുവാനും ജീവിത സമ്പൂർണതയിലേക്കുള്ള തീർത്ഥയാത്രയിൽ അവയെ നിലനിർത്താനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് സഭയുടെ



ഓരോ വാക്കും പ്രവൃത്തിയും. ജീവിതത്തിന്റെ സമ്പൂർണത എല്ലാവർക്കും നല്കാനാണ് പിതാവ് തന്റെ പുത്രനായ യേശുവിനെ ഈ ലോകത്തിലേക്കയച്ചത്. യേശു ലോകം മുഴുവൻ അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യണമെങ്കിൽ നമ്മൾതന്നെ സഭാമാതാവിന്റെ ഊഷ്മളസ്നേഹത്തെ ഉൾക്കൊള്ളുകയും അതു മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും വേണം. സ്നേഹത്തിന്റെ ഈ ചൂടാണ് വിശ്വാസത്തിന്റെ വചനത്തിന് ആത്മാവു നല്കുന്നത്. നമ്മുടെ പ്രഘോഷണവും സാക്ഷ്യവും അവർക്കു ജീവൻ നല്കുന്ന ആ അഗ്നിസ്ഫുലിംഗത്തെ പ്രോജ്ജ്വലിപ്പിക്കുന്നു.

**ബന്ധങ്ങളുടെ നിർമ്മിതി സാമൂഹികസമ്പർക്കമാധ്യമങ്ങളിലൂടെ**

ഇരുകരകളെയും യോജിപ്പിക്കാൻ പണിയുന്ന പാലമാണ് സാമൂഹികസമ്പർക്കമാധ്യമങ്ങൾ. ഭാവാത്മകമായ ഒരു കണ്ടുമുട്ടലിനെയും ഉൾക്കൊള്ളലിനെയും അതു ശാക്തീകരിക്കുന്നു. അങ്ങനെ സമൂഹത്തെ മുഴുവൻ ധന്യമാക്കുന്നു. ജനം തങ്ങളുടെ വാക്കുകളും പ്രവൃത്തികളും കരുതലോടെ തെരഞ്ഞെടുക്കുകയും, തെറ്റിദ്ധാരണകൾ ഒഴിവാക്കാൻ പരിശ്രമിക്കുകയും മുറിവേറ്റ ഓർമ്മകൾ സൗഖ്യപ്പെടുത്തുകയും സമാധാനവും ഐക്യവും ചാലിച്ചെടുക്കുകയും ചെയ്യുന്നത് എത്രയോ സുഭഗവും സുന്ദരവുമാണ്! വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും പാലം തീർക്കാൻ വാക്കുകൾക്കു കഴിയും. സാമൂഹികസഖ്യങ്ങളും രാഷ്ട്രങ്ങളും തമ്മിൽ ബന്ധമുണ്ടാക്കാനും അതിനു സാധിക്കും. പദാർത്ഥികലോകത്തും ഡിജിറ്റൽ ലോകത്തും ഇതു സാധ്യമാണ്. അഭിശാപത്തിന്റെയും പ്രതികാരത്തിന്റെയും വിഷമവൃത്തങ്ങളിൽനിന്നു സ്വതന്ത്രരാവാൻ സഹായിക്കുന്നതായിരിക്കണം നമ്മുടെ വാക്കുകളും പ്രവൃത്തികളും. കാരണം, ഇന്നും വ്യക്തികളും രാഷ്ട്രങ്ങളും അവയുടെ കെണിയിലാണ്. ശപ്തമായ പ്രതികാരഭാവം, അതിശക്തമായ വെറുപ്പ് വളർത്തുന്നു. ക്രിസ്ത്വനുയായികളുടെ വചസ്സുകൾ ഒരുമയും ഐക്യവും അഭംഗുരം പ്രോത്സാഹിപ്പിക്കുന്നതായിരിക്കണം. തിന്മയെ വിട്ടുവീഴ്ചയില്ലാതെ അപലപിക്കേണ്ടിവരുമ്പോഴും ബന്ധങ്ങളും സമ്പർക്കങ്ങളും വിണ്ടുകീറാൻ പാടില്ല.

**സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ കരുത്ത് കരുണയിലധിഷ്ഠിതം**

ബന്ധങ്ങളിലും സമൂഹങ്ങളിലും സമാധാനവും ഐക്യവും പുന:സ്ഥാപിക്കാനുള്ള കരുണയുടെ കരുത്തിനെ ഇനിയും കണ്ടെത്താൻ ലോകത്തിലെ എല്ലാ സുമനസ്സുകളോടും ഞാൻ ആഹ്വാനം ചെയ്യുന്നു. പ്രാചീന കാലമുറിവുകളും ആങ്ങിത്തൂങ്ങിനില്ക്കുന്ന അനിഷ്ടങ്ങളും എങ്ങനെയാണ് വ്യക്തികളെ കെണിയിലാക്കുന്നതെന്നും, പരസ്പരവിനിമയത്തിന്റെയും അനുരഞ്ജനത്തിന്റെയും മാർഗത്തിൽ വിഘാതം സൃഷ്ടിക്കുന്നതെന്നും നമുക്കറിയാം. രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും ഇതു ബാധകമാണ്. എന്നാൽ ഏതു പരിത:സ്ഥിതിയിലും പുതിയ ഭാഷയും ഭാഷണരീതിയും സൃഷ്ടിച്ചെടുക്കാൻ കരുണയ്ക്കു കഴിയും. ''വെനീസിലെ കച്ചവടക്കാരൻ'' എന്ന നാടകത്തിൽ ഷേക്സ്പിയർ എത്രയോ വചോവിലാസത്തോടെ ഇതു പറഞ്ഞിരിക്കുന്നു: ''കരുണയുടെ കരുത്ത് അഭംഗുരമാണ്. ആകാശത്തുനിന്ന് ഭൂമിയിൽ നിപതിക്കുന്ന മൃദുലമായ മഴപോലെയാണത്. രണ്ടുവിധത്തിലും അത് അനുഗൃഹീതമാണ്. കൊടുക്കുന്നവനെയും സ്വീകരിക്കുന്നവനെയും ഒരുപോലെ അതനുഗ്രഹിക്കുന്നു''. (Merchant of Venice Act IV, Scene 1)

നമ്മുടെ രാഷ്ട്രീയ, നയതന്ത്രഭാഷകൾ കരുണയാൽ പ്രചോദിതമായിരുന്നെങ്കിൽ, കൂടുതൽ നന്നായേനെ. കാരണം, കരുണയുടെ ഭാഷ പ്രതീക്ഷ കൈവെടിയുന്നതല്ല. സ്ഥാപനങ്ങളുടെയും രാഷ്ട്രങ്ങളുടെയും അധികാരികളോടും, പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്ന എല്ലാവരോടും ഞാൻ ആവശ്യപ്പെടുന്നു: ''വഴിമാറി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെക്കുറിച്ചും, തെറ്റുകൾ വരുത്തിയിട്ടുള്ളവരെക്കുറിച്ചും നിങ്ങൾ സംസാരിക്കുമ്പോൾ, അതീവ ജാഗ്രതയും സൂക്ഷ്മതയും പുലർത്തുവിൻ''. സംശയത്തിന്റെയും ഭയത്തിന്റെയും വെറുപ്പിന്റെയും ജ്വാലകൾ ആളിക്കത്തിക്കുന്ന സാഹചര്യങ്ങളെ ചൂഷണംചെയ്യാനുള്ള പ്രലോഭനത്തിനു വശംവദരാകാൻ എളുപ്പമാണ്. എന്നാൽ അനുരഞ്ജനത്തിന്റെ പാതയിൽ ജനതയെ നയിക്കുവാൻ ധീരത വേണം. സൂക്ഷ്മമായി ചിന്തിച്ചാൽ അത്തരം ഭാവാത്മകവും സർഗാത്മകവുമായ ധീരതയാണ് പോയകാല സംഘർഷങ്ങൾക്ക് പരിഹാരവും സ്ഥായിയായ സമാ



ധാനം സ്ഥാപിക്കാനുള്ള അവസരവും പ്രദാനംചെയ്യുന്നത്. ''സമാധാന സംസ്ഥാപകർ അനുഗൃഹീതരാകുന്നു, എന്തെന്നാൽ അവർ ദൈവമക്കളെന്നു വിളിക്കപ്പെടും'' (മത്താ 5:7-9).

**അജപാലകവീഥിയിലെ കാരുണ്യസ്പർശം**

അജപാലകരെന്ന നിലയിൽ നമ്മുടെ ആശയവിനിമയരീതികളും ശുശ്രൂഷകളും അഹന്തനിറഞ്ഞതാകരുത്, ശത്രുവിന്റെമേൽ വിജയംനേടിയ മേലാളസ്വഭാവം നിറഞ്ഞതും ആകരുത് എന്നാണെന്റെ ആഗ്രഹം. അതേസമയം, നഷ്ടപ്പെട്ടവരെന്നും അവഗണിക്കപ്പെട്ടവരെന്നും ലോകം കണക്കാക്കുന്നവരെ തീരെ വിലകുറഞ്ഞവരായി നാം കരുതരുത്. കാരുണ്യത്തിന് ഒരു പ്രത്യേകതയുണ്ട്: ജീവിതത്തിന്റെ കഷ്ടപ്പാടുകളെ മയപ്പെടുത്താൻ അതു സഹായിക്കുന്നു. തണുത്തുറഞ്ഞ നിയമവിധികളുടെ അനുഭവങ്ങൾ മാത്രമുള്ളവർക്ക് ഊഷ്മളമായ ഉത്സാഹം നല്കാനും അതിനു കഴിവുണ്ട്. നമ്മുടെ വിനിമയരീതികൾ, പാപികളെയും നീതിമാന്മാരെയും വേർതിരിച്ചെടുക്കുന്ന നമ്മുടെ മനോഘടനയുടേതാണ്. അതിനെ നാം മറികടക്കേണ്ടിയിരിക്കുന്നു. പാപസാഹചര്യങ്ങളെ - ഹിംസ, അഴിമതി, ചൂഷണം - നാം പ്രത്യേകം വിലയിരുത്തണം. വ്യക്തികളെ നാം വിധിക്കരുത്. ദൈവത്തിനുമാത്രമേ അവരുടെ ഹൃദയത്തിന്റെ അഗാധതകളെ കാണാനാവൂ. തെറ്റുചെയ്യുന്നവരെ ശാസിക്കണം; ചില പ്രത്യേകരീതികളിൽ പ്രവർത്തിക്കുന്ന അനീതികളെയും തിന്മയെയും അപലപിക്കണം. പതിതരെ ഉയർത്താനും ഇരകളെ മോചിപ്പിക്കാനും വേണ്ടിയാവണം അത്. യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു: ''സത്യം നിങ്ങളെ സ്വതന്ത്രരാക്കും'' (യോഹ 8:32). സത്യം എന്നതു ആത്യന്തികമായി ക്രിസ്തുതന്നെയാണ്. സത്യത്തെ പ്രഘോഷിക്കുകയും അനീതിയെ അപലപിക്കുകയും ചെയ്യുന്ന നമ്മുടെ രീതികളെ വിലയിരുത്താനുള്ള അളവുകോലാണ് അവിടത്തെ ആർദ്രമായ കാരുണ്യം. സ്നേഹത്തോടെ സത്യത്തെ മുറുകെപ്പിടിക്കുക എന്നതാണ് നമ്മുടെ പ്രഥമ ദൗത്യം (എഫേ 4:15). ശാന്തതയിലും കരുണയിലും ചാലിച്ച സ്നേഹത്തോടെ മൊഴിയുന്ന വചസ്സുകൾക്കേ പാപപങ്കില ഹൃദയങ്ങളെ സ്പർശിക്കാനാവൂ. പരുഷവും ഉപദേശമാത്രവുമായ വാക്കുകളും പ്രവൃത്തികളും അവരെ കൂടു

തൽ അകറ്റുകയും, സ്വാതന്ത്ര്യത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്നതിനുപകരം അവരിൽ തിരസ്കാരത്തിന്റെയും പ്രതിരോധത്തിന്റെയും ഭാവം ദൃഢീകരിക്കുകയും ചെയ്യും.

**കുടുംബ ബന്ധങ്ങളിലെ കാരുണ്യക്കൂട്**

കാരുണ്യാധിഷ്ഠിതമായ സാമൂഹികദർശനം അത്യധികം ആദർശാത്മകമോ, അതിരില്ലാത്തവിധം ദയാമയമോ എന്നു സംശയിക്കുന്നുണ്ട് ചിലർ. എന്നാൽ സ്വന്തം കുടുംബബന്ധങ്ങളിലെ പ്രാഥമികാനുഭവം എന്താണെന്ന് ഓർത്തുനോക്കുക. നമ്മുടെ മാതാപിതാക്കൾ നമ്മുടെ കഴിവുകളും നേട്ടങ്ങളും നോക്കിയാണോ നമ്മെ സ്നേഹിച്ചതും വില മതിച്ചതും? അവർ സ്വാഭാവികമായും മക്കളുടെ നന്മമാത്രമേ കാംക്ഷിച്ചുള്ളൂ. പക്ഷേ, അവരുടെ സ്നേഹം ഒരു വ്യവസ്ഥയുടെയും അടിസ്ഥാനത്തിലായിരുന്നില്ല. നമ്മുടെ വീട് എപ്പോഴും നമ്മെ സ്വാഗതം ചെയ്യുന്നിടമാണ് (Cf. ലൂക്ക 15:13-32), അപരിചിതർ കണ്ടുമുട്ടുകയും മത്സരിക്കുകയും ഒന്നാം സ്ഥാനത്തെത്താൻ വെമ്പുകയും ചെയ്യുന്ന വേദിയല്ല. അതൊരു കുടുംബമാണ്; ഏതുസമയത്തും കയറിച്ചെല്ലാവുന്ന, തുറന്ന വാതിലുകളുള്ള ഒരു വീട്. അങ്ങനെയൊരു സമൂഹ സങ്കല്പം ഏവരിലും വളരണമെന്നാണ് എന്റെ ആഗ്രഹം. ഈ ആഗ്രഹം സഫലമാവണമെങ്കിൽ നാം മറ്റുള്ളവരെ ശ്രവിക്കുന്നവരാകണം. ആശയവിനിമയം എന്നത് പങ്കുവയ്ക്കലാണ്. പങ്കുവയ്ക്കലാകട്ടെ, ശ്രവണവും (Listening) സ്വീകരണവുമാണ്. ശ്രവണം വെറുതെ കാതുകൊടുക്കലല്ല. കേൾക്കുക എന്നത് അറിവു സ്വീകരിക്കൽ മാത്രമാണ്; അതേസമയം ശ്രവണമാകട്ടെ, പരസ്പരബന്ധമാണ്; ഇഴയടുപ്പം ആവശ്യപ്പെടുന്നതുമാണ്. ശ്രവണം നേരായ മാർഗം കാണാൻ സഹായിക്കുന്നു. വെറും നിർജീവരായ കാഴ്ചക്കാരോ ഉപയോക്താക്കളോ ആകാൻ അനുവദിക്കുകയുമില്ല. ശ്രവണം ചോദ്യങ്ങളുടെയും സംശയങ്ങളുടെയും പങ്കുവയ്ക്കലാണ്; പരസ്പരം ഓരം ചേർന്ന യാത്രയാണ്. സമ്പൂർണാധികാരത്തിന്റെ അവകാശവാദങ്ങളെ അതു പുറംതള്ളുന്നു; നമ്മുടെ ദാനങ്ങളെയും സിദ്ധികളെയും സമൂഹനന്മയ്ക്കായി ഉപയോഗപ്പെടുത്തുന്ന ശുശ്രൂഷയാക്കി മാറ്റുന്നു.



ശ്രവണം സുഗമമല്ല; കേൾക്കുന്നില്ലെന്നു നടിക്കാൻ എളുപ്പമാണ്. ശ്രവണം ശ്രദ്ധയും ധാരണയുമാണ്, വിലമതിക്കലും ബഹുമാനിക്കലുമാണ്. അപരന്റെ വാക്കുകളെക്കുറിച്ചുള്ള ധ്യാനമാണ്. അത് രക്തസാക്ഷിത്വം അഥവാ ആത്മബലി ആവശ്യപ്പെടുന്നു. കത്തുന്ന മുൾപ്പടർപ്പിനു മുന്നിൽ നില്ക്കുന്ന മോശയെ അനുകരിക്കാൻ ശ്രമിക്കലാണത്. അതിവിശുദ്ധസ്ഥലത്തു നില്ക്കുന്ന നാം ചെരിപ്പുകൾ അഴിച്ചുമാറ്റേണ്ടതുണ്ട്. പുറ 3:5-ൽ പറയുന്നു: ''എന്നോടു സംസാരിക്കുന്നവനുമായുളള നേർക്കാഴ്ചയാണ് (cg: പുറ 3:5) ശ്രവണം''. ശ്രവിക്കാൻ കഴിയുക എന്നത് അളവില്ലാത്ത കൃപയാണ്. നാം ചോദിച്ചുവാങ്ങേണ്ട ദാനമാണത്; അവശ്യമായും ചോദിച്ചുവാങ്ങേണ്ട ഒന്ന്.

**നവമാധ്യമങ്ങളുടെ അനന്തസാധ്യതകൾ**

ഈ-മെയിൽ സന്ദേശങ്ങൾ, സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ, അവയുടെ വിപുലശൃംഖല, അനൗപചാരികമായ സംഭാഷണങ്ങൾ - എല്ലാം ആശയവിനിമയത്തിന്റെ ആധുനികരൂപങ്ങളാണ്. സാങ്കേതികശാസ്ത്രമല്ല വിനിമയത്തിന്റെയും ബന്ധങ്ങളുടെയും ആധികാരികത നിർണയിക്കേണ്ടത്, മറിച്ച് മനുഷ്യഹൃദയവും മുന്നിലെ മാർഗങ്ങളെ വിവേകപൂർവം ഉപയോഗപ്പെടുത്താനുള്ള കഴിവുമാണ്. സാമൂഹിക മാധ്യമങ്ങൾ പരസ്പരബന്ധങ്ങളെ സുഗമമാക്കാനും പോഷിപ്പിക്കാനും സഹായിക്കുന്നു. അതേസമയം, ജാഗ്രത പുലർത്തിയില്ലെങ്കിൽ കൂടുതൽ ധ്രുവീകരണത്തിനും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള വിഭജനത്തിനും അതു കാരണമാകാം. ഡിജിറ്റൽ ലോകം ഒരു മഹാചത്വരമാണ് - ഒരു സംഗമഭൂമി. ഒന്നുകിൽ പരസ്പരം അംഗീകരിക്കാം പ്രോത്സാഹിപ്പിക്കാം, അല്ലെങ്കിൽ പരസ്പരം അപമാനിക്കാം. ഒന്നുകിൽ അർത്ഥപൂർണമായ സംവാദങ്ങളിൽ ഏർപ്പെടാം, അല്ലെങ്കിൽ അന്യായമായ ആക്രമണത്തിൽ മുഴുകാം. കാരുണ്യത്തിൽ ജീവിച്ചുകൊണ്ട് ഈ ജൂബിലിവർഷം കൂടുതൽ തീക്ഷ്ണമായ സംവാദത്തിനു വാതിൽ തുറക്കട്ടെ. അതുവഴി കൂടുതൽ അറിയാം; മനസ്സിലാക്കാം; സംവൃത മനസ്സുകളെ കൂടുതൽ ഉദാരമാക്കാം. ഏതുതരത്തിലുള്ള (അടഞ്ഞ) വിവേചനത്തെയും ഹിംസയെയും വിദൂരതയിലേക്കു മാറ്റിനിർത്താം.

ഇന്റർനെറ്റ് നമ്മെ കൂടുതൽ നല്ല വിശ്വപൗരന്മാരാക്കട്ടെ, ഡിജിറ്റൽ വലയം അയൽക്കാരനോടുള്ള ഒരു ഉത്തരവാദിത്വം നമ്മെ ഏല്പിക്കുന്നു: നാം അവനെ കാണുന്നില്ല, എന്നാൽ അവൻ ഒരു യാഥാർത്ഥ്യമാണ്. ബഹുമാനിക്കപ്പെടേണ്ട അന്തസ്സ് അവനുണ്ട്. വിവേകപൂർവം ഇന്റർനെറ്റുപയോഗിക്കുക. അങ്ങനെ ആരോഗ്യകരവും പങ്കുവയ്ക്കുന്നതിൽ ഉദാരവുമായ ഒരു സമൂഹത്തെ പടുത്തുയർത്തുക.

**ഉപസംഹാരം**

ആശയവിനിമയബന്ധങ്ങൾ എവിടെയും എങ്ങനെയും പുതിയ ചക്രവാളങ്ങൾ മനുഷ്യർക്കായി തുറക്കുന്നു. അത് ദൈവത്തിന്റെ ദാനമാണ്. അതിനാൽത്തന്നെ വലിയ ഉത്തരവാദിത്വം അതുൾക്കൊള്ളുന്നു. ''സാമീപ്യം'' (Closeness) എന്നതിനെ വിളിക്കാനാണെനിക്കിഷ്ടം . ആശയവിനിമയബന്ധങ്ങളും കരുണയും തമ്മിലുള്ള നേർക്കാഴ്ച (Encounter) സഫലമാകണമെങ്കിൽ, കരുതലിന്റെയും സാന്ത്വനത്തിന്റെയും സൗഖ്യത്തിന്റെയും സൗഹൃദത്തിന്റെയും ആഘോഷത്തിന്റെയും ''ഇഴയടുപ്പം'' അതു സൃഷ്ടിക്കണം. തകർന്നതും ശകലിതവും ധ്രുവീകൃതവുമായ ലോകത്തിൽ കരുണയോടെ സാമൂഹികസമ്പർക്കവും ബന്ധവും പ്രായോഗികമാക്കണമെന്നതിന്റെ അർത്ഥം ആരോഗ്യകരവും സ്വതന്ത്രവും, ഭ്രാതൃസഹജവുമായ ഇഴയടുപ്പം മനുഷ്യമഹാകുടുംബത്തിലെ (സഹോദരസഹജ) സഹോദരീസഹോദരന്മാരും ദൈവത്തിന്റെ മക്കളും തമ്മിൽ സൃഷ്ടിക്കാൻ സഹായിക്കണമെന്നതാണ്.

വത്തിക്കാനിൽനിന്നും

**+ ഫ്രാൻസിസ് പാപ്പാ**

NB: മാധ്യമദിനമായ 2016 ജൂൺ 5-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



**C. 16. സർക്കുലർ**

# വിശ്വാസപരിശീലന വർഷാരംഭം 2016–17

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

നമ്മുടെ രൂപതയിലെ സണ്ടേസ്കൂൾ വിശ്വാസപരിശീലനത്തിന്റെ പുതിയൊരു അദ്ധ്യയനവർഷം ആരംഭിക്കുകയാണല്ലോ. വിശ്വാസപരിശീലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഞാൻ നിങ്ങളോടു പറയേണ്ടതില്ല. ദൈവാരാധന കഴിഞ്ഞാൽ വിശ്വാസപരിശീലനം നമ്മുടെ മുഖ്യമായ കർത്തവ്യമാണ്. മാമോദീസ സ്വീകരിച്ച ഓരോ വ്യക്തിയേയും സമൂഹത്തെയും വിശ്വാസത്തിൽ ആഴപ്പെടുത്തുന്ന ദൈവവചന ശുശ്രൂഷയാണത്. ഈശോമിശിഹായാണ് ദൈവവചനത്തിന്റെ പൂർണ്ണമായ മാനുഷികാവതരണം.

എന്താണ് വിശ്വാസമെന്ന് മനസ്സിലാക്കിയാലേ വിശ്വാസപരിശീലനം ഫലവത്തായ രീതിയിൽ സ്വായത്തമാക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ. വിശ്വാസം എന്നത് സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് (*CCC* 142-143). അത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ് (ഹെബ്രാ. 11:1). അത് പരിശുദ്ധാത്മാവിന്റെ പ്രേരണയിൽ മനുഷ്യന്റെ പ്രത്യുത്തരമായ പ്രവൃത്തിയാണ് (*CCC* 150-151). വിശ്വാസപരിശീലനമെന്നത് യേശുക്രിസ്തുവിലൂടെയും അവിടുത്തെ തുടർച്ചയായ സഭയിലൂടെയും ദൈവം വെളിപ്പെടുത്തിയ സത്യങ്ങൾ അറിഞ്ഞ്, ജീവിച്ച് ആ വിശ്വാസനിക്ഷേപം മറ്റുള്ളവർക്ക് കൈമാറുന്ന പ്രക്രീയയാണ്. ചുരുക്കത്തിൽ, ഈശോയെയും അവിടുത്തെ മൗതികശരീരമായ സഭയെയും വ്യക്തിപരമായി അടുത്തറിയുവാൻ ഉതകുന്നതാകണം വിശ്വാസപരിശീലനം. ''വിശ്വാസവെളിച്ചം'' (*Lumen Fidei*) എന്ന

തന്റെ പ്രഥമ ചാക്രികലേഖനത്തിൽ ഫ്രാൻസീസ് പാപ്പ നമ്മെ ഉദ്ബോധിപ്പിക്കുന്ന ഒരുകാര്യം ഇതാണ്; വിശ്വാസം യാഥാർത്ഥ്യത്തിൽ ഓരോ വ്യക്തിക്കും ഒരു നന്മയാണ്. പ്രത്യാശയുടെ ഭാവിയിലേക്ക് സഞ്ചരിക്കുവാൻ പാകത്തിൽ നമ്മുടെ സമൂഹങ്ങളെ കെട്ടിപ്പടുക്കുവാൻ അത് സഹായിക്കുന്നു (*LF* 51).

ഈശോയുടെ സന്ദേശവും സ്നേഹസാക്ഷ്യവും സഭയിലൂടെയാണ് ഇന്ന് ആധികാരികമായി നൽകപ്പെടുന്നത്. വിശ്വാസത്തിന്റെ ഈ ആധികാരികമായ കൈമാറലാണ് വിശ്വാസപരിശീലനത്തിലൂടെ സംഭവിക്കേണ്ടത്. അതിനാൽ മിശിഹായോടും സഭയോടുമുള്ള പ്രതിബദ്ധതയിൽവേണം വിശ്വാസപരിശീലനം നിർവഹിക്കുവാൻ. വിശുദ്ധ പൗലോസ്ശ്ലീഹാ ഗലാത്തിയാക്കാരോടു പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക: ''എന്റെ കുഞ്ഞുമക്കളെ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു'' (ഗലാ. 4:19). ഇതേ തീക്ഷ്ണതയാണ് വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തങ്ങൾക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന കുട്ടികളുടെമേൽ ഉണ്ടാകേണ്ടത്. കുട്ടികളും യുവജനങ്ങളും മിശിഹായുടെ പൂർണ്ണതയിലേക്ക് വളരണം. മാമ്മോദീസയിലൂടെ ഈശോ അവരെ സ്വന്തമാക്കിയിട്ടുണ്ട്. അങ്ങനെ ഈശോമിശിഹായ്ക്ക് സ്വന്തമായവർ എന്ന നിലയിൽ ചിന്തിച്ചു വളരാൻ ദൈവവചനത്തിന്റെയും കൂദാശകളുടെയും അനുഭവം അവർക്കു ലഭിക്കണം. ഈശോയ്ക്ക് സ്വന്തമായവർ ദൈവം നമുക്കു നൽകുന്ന കല്പനകൾ അനുസരിച്ചു ജീവിക്കുന്നവരായിരിക്കും. അവർ പ്രാർത്ഥനയിൽ ദൈവത്തിൽ നിന്നു ശക്തി സ്വീകരിക്കുന്നവരുമായിരിക്കും. ഏതു പ്രതികൂലസാഹചര്യത്തിലും ഈശോയിൽ ആശ്രയിക്കുവാൻ അവർക്കു സാധിക്കും. ഇത്തരം മനോഭാവങ്ങളിലേക്കും ജീവിതശൈലിയിലേക്കുമാണ് വിശ്വാസപരിശീലനത്തിൽ നാം കുട്ടികളെ നയിക്കേണ്ടത്.

കുടുംബമാണ് വിശ്വാസജീവിതത്തിന്റെ പിള്ളത്തൊട്ടിൽ. അവിടെയാണ് വിശ്വാസപരിശീലനത്തിന് ആരംഭം



കുറിക്കപ്പെടേണ്ടത്. മാതാപിതാക്കന്മാരാണ് ഓരോ കുഞ്ഞിന്റെയും ആദ്യത്തെ വിശ്വാസപരിശീലകർ. വിശ്വാസത്തിനനുസൃതമായ ജീവിതശൈലികൾ കണ്ടും കേട്ടും അനുഭവിച്ചും ജീവിതം കരുപിടിപ്പിക്കാനുള്ള ആദ്യ പരിശീലനക്കളരികൾ നല്ല ക്രൈസ്തവകുടുംബങ്ങളാണ്. ഒരു ശിശു അമ്മയുടെ ഉദരത്തിൽ ഉരുവാകുന്ന നിമിഷം മുതൽ മാതാപിതാക്കൾക്ക് - പ്രത്യേകിച്ച് അമ്മക്ക് - ആ ശിശുവിന്റെ വിശ്വാസജീവിതത്തിൽ സ്വാധീനം ചെലുത്താൻ സാധിക്കും. അധരങ്ങളിൽ നിന്നു കേൾക്കുന്നവയും മാതൃകവഴി ഗ്രഹിക്കുന്നവയും കുട്ടികളുടെ വ്യക്തിത്വരൂപീകരണത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നു. അതിനാൽ കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ മാതാപിതാക്കൾക്കുള്ള സ്ഥാനം വളരെ വലുതാണ്.

സഭയുടെ അടിസ്ഥാനഘടകമായ കുടുംബങ്ങളിൽ, മാതാപിതാക്കന്മാർ തങ്ങളുടെ വാക്കുകളും മാതൃകകളുംവഴി മക്കൾക്ക് വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ പകർന്നുനൽകണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമ്മിപ്പിക്കുന്നു (*LG* 11). മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളെ ചെറുപ്രായത്തിൽത്തന്നെ വിശ്വാസരഹസ്യങ്ങളിലേക്ക് നയിക്കണം. അവരുടെ ശൈശവത്തിൽത്തന്നെ അവരെ സഭയുടെ ജീവിതവുമായി ബന്ധിപ്പിക്കണം എന്നാണ് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുക (*CCC* 2225). എന്നാൽ, എല്ലാ മാതാപിതാക്കളും തങ്ങളുടെ ഗൗരവാവഹമായ ഈ ഉത്തരവാദിത്വത്തിൽ വേണ്ടത്ര താത്പര്യം കാണിക്കുന്നുണ്ടോയെന്ന് സംശയമാണ്. വിശ്വാസപരിശീലനം പാഠപുസ്തകങ്ങളുടെ പഠനം മാത്രമല്ല, അത് ക്രിസ്തീയ ജീവിതശൈലി അഭ്യസിക്കൽകൂടിയാണ്. ഇടവക ദൈവാലയത്തിലെ ദൈവാരാധനയിലും സണ്ടേസ്കൂൾ വിശ്വാസപരിശീലനത്തിലും മറ്റ് ഇടവകപ്രവർത്തനങ്ങളിലും താത്പര്യപൂർവ്വം പങ്കുചേരാനുള്ള ആഗ്രഹവും സഭാശുശ്രൂഷകരോടുള്ള സമ്പർക്കവുമെല്ലാം കുഞ്ഞുങ്ങൾക്ക് മാതാപിതാക്കൾ

കുടുംബത്തിൽ നൽകുന്ന മാതൃകയേയും പ്രോത്സാഹന ത്തെയും ആശ്രയിച്ചിരിക്കുന്നു.

ജീവിതകാലം മുഴുവൻ തുടരേണ്ട ഒരു പ്രക്രിയ എന്ന നിലയിൽ വിശ്വാസപരിശീലനം മുതിർന്നവരുടെ മതബോധ നത്തിലാണ് എത്തിനിൽക്കുന്നത്. സണ്ടേസ്കൂളുകൾവഴി നടക്കുന്ന വിശ്വാസപരിശീലനം പ്രഥമമായും കുട്ടികളുടെ വിശ്വാസപരിശീലനമാണ് ലക്ഷ്യം വയ്ക്കുന്നതെങ്കിലും, കൂട്ടുത്തരവാദിത്വത്തിലൂടെ പുരോഗമിക്കേണ്ട ഈ ശുശ്രൂ ഷവഴി കുട്ടികളും അവരുടെ മാതാപിതാക്കളും സഭയും സമൂഹവും വളരാനുള്ള സാധ്യതകളെ പരമാവധി ഉപയോഗി ക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ദൈവംതന്ന മക്കളെ ദൈവത്തിനുവേണ്ടി വളർത്തുക എന്ന മാതാപിതാക്കളുടെ കടമ നിർവഹിക്കുന്നതുവഴി മാതാപിതാക്കളും മക്കളും വിശ്വാസരഹസ്യങ്ങളിലേക്ക് ആഴപ്പെട്ട് അനുഗ്രഹീതരാ കേണ്ടതുണ്ട്. തലമുറകളിലൂടെ കൈമാറിക്കിട്ടിയ വിശ്വാസ പാരമ്പര്യത്തിലേക്ക് മാതൃകയും പ്രാർത്ഥനാജീവിതവുംവഴി മക്കളെ ഉൾച്ചേർക്കുകയാണ് മാതാപിതാക്കൾ ചെയ്യേണ്ടത്. അതുപോലെ തന്നെ കുഞ്ഞുങ്ങളോടൊപ്പം മാതാപിതാക്കളും വിശ്വാസജീവിത പക്വതയിലേക്ക് വളരേണ്ടതുണ്ട്. കുഞ്ഞുങ്ങ ളുടെ വിശ്വാസപരിശീലനപാഠാവലിയും ഇതര പരിശീലന ങ്ങളും മാതാപിതാക്കൾ പരിചയപ്പെടുകയും വായിക്കുകയും പഠിക്കുകയും ചെയ്യണം. ഇടവകതലത്തിൽ മാതാപിതാക്കന്മാ രുടെ സംഗമങ്ങൾ നടത്തി ഈ ശുശ്രൂഷയിൽ പങ്കുചേരാൻ അവരെ പ്രാപ്തരാക്കണം. മാതാപിതാക്കളിലൂടെ മക്കളും, മക്കളിലൂടെ മാതാപിതാക്കളും വിശ്വാസത്തിൽ രൂപീകരിക്ക പ്പെടാനും ജീവിതവിശുദ്ധി പ്രാപിക്കാനുമാണ് ദൈവം ആഗ്രഹിക്കുന്നത്. സീറോമലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം ലക്ഷ്യംവയ്ക്കുന്ന മുതിർന്നവരുടെ മതബോധനം എല്ലാവരിലേക്കുമെത്തിക്കുവാൻ മാതാദ്ധ്യാപ കർക്ക് ക്ലാസ്സ് പി.റ്റി.എ. വഴിയും കൂട്ടായ്മകളിൽ ക്ലാസ്സെടുത്ത് സഹായിച്ചും ഭാഗഭാക്കുകളാകാവുന്നതാണ്.



നമ്മുടെ സണ്ടേസ്കൂൾ പരിശീലനപരിപാടിയിൽ മാതാപിതാക്കളും വിശ്വാസപരിശീലകരായ അദ്ധ്യാപകരും വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഒരേ മനസ്സോടെ സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്. വിശ്വാസപരിശീലന ക്ലാസ്സുകൾ ഭംഗിയായി ക്രമീകരിക്കുവാനും, മുടങ്ങാതിരിക്കു വാനും ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കുമല്ലോ. രൂപതാ മതബോധനകലണ്ടറിൽ പറഞ്ഞിരിക്കുന്നതല്ലാതെ ഇടവക യിലെ പ്രധാനതിരുനാൾ ദിവസം മാത്രം സണ്ടേസ്കൂളിന് അവധി നൽകാവുന്നതാണ്. എല്ലാ ഞായറാഴ്ച്ചയും ക്ലാസ്സുകൾ ക്കായി ഒന്നരമണിക്കൂറെങ്കിലും നീക്കിവയ്ക്കുന്നതാണ് ഉചിതം. വിശ്വസജീവിതം നയിക്കുന്നവരും, സഭയെ ആഴമായി സ്നേഹിക്കുന്നവരും, മൂല്യബോധമുള്ളവരും, മദ്യപാനം പോലുള്ള സാമൂഹ്യതിന്മകളിൽനിന്ന് അകന്നുനിൽകുന്നവരും ആയിരിക്കട്ടെ മതാദ്ധ്യാപകർ.

ഈ രംഗത്ത് പ്രതിജ്ഞാബദ്ധരായി പ്രവർത്തിക്കുന്ന എല്ലാവർക്കും എന്റെ ഹൃദയപൂർവ്വകമായ അഭിനന്ദനങ്ങൾ. പരിശുദ്ധാത്മാവു നൽകുന്ന പുത്തൻചൈതന്യത്തിൽ പുതിയ അദ്ധ്യയനവർഷം ആരംഭിക്കുവാനും വിജയിപ്പിക്കുവാനും കാരുണ്യവാനായ കർത്താവ് എല്ലാ വിശ്വാസപരിശീലന പ്രേഷിത രെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചു കൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ നിങ്ങളെ ഞാൻ ആശീർവ്വദിക്കുന്നു.

എന്ന്,

കരിമ്പൻ — ✠ **മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**

15-05-2016 — ഇടുക്കി രൂപതാ മെത്രാൻ

N.B. ഈ സർക്കുലർ ജൂൺമാസം 12-ാംതീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിച്ചു വിശദീകരിക്കണം.

# രൂപതക്കച്ചേരി

## C. 39/16 Presbyterium

The Annual meeting of the Presbyterium of our Eparchy will be held on Wednesday 22nd June 2016 at Atmajyothy, Adimali from 10 a.m. to 4 p.m.

## C. 40/16 Monthly Recollection for Priests

മെയ് മാസത്തെ പഠനവിഷയം: കാരുണ്യത്തിന്റെ മുഖം (MISERICORDIAE VULTUS - കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന) 14–15 നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

## C. 41/16 Pastoral Council

An ordinary meeting of the Pastoral Council of the Eparchy of Idukki will be held on 9th July 2016 (Saturday) at Atmajothy, Adimali. Topics to be included in the agenda may be sent to the Secretary before 30th June 2016.

Time : 10.00 am - 4.00pm.

## C. 42/16 നന്ദിയും ആശംസകളും

കോതമംഗലം, ഇടുക്കി രൂപതകളിലെ വിവിധ ഇടവകകളിൽ വികാരിയായും 5 വർഷം ഇടുക്കി രൂപതാ വികാരി ജനറാളായും 49 വർഷത്തെ സ്തുത്യർഹവും ശ്രേഷ്ഠവുമായ ശുശ്രൂഷക്കുശേഷം സജീവ അജപാലന മേഖലയിൽനിന്നും വിരമിച്ച് ഇപ്പോൾ അടിമാലി വിയാനിഭവൻ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബ. മാത്യു തൊട്ടിയിലച്ചന് രൂപതാകുടുംബത്തിന്റെ സ്നേഹാദരങ്ങളും നന്ദിയും ആശംസകളും അറിയിക്കുന്നു.

## C. 43/16 യുവവൈദികരുടെ വാർഷിക സെമിനാർ

നമ്മുടെ രൂപതയിൽ ജോലിചെയ്യുന്ന യുവവൈദികർ



ക്കായി 2016 ജൂലൈ 18, 10.30 am മുതൽ ജൂലൈ 20, 4.00 pm വരെ അടിമാലി ആത്മജ്യോതിയിൽ വച്ച് സെമിനാർ നടത്തുന്നു.

2009 ജനുവരി 31 ന് ശേഷം തിരുപ്പട്ടം സ്വീകരിച്ച എല്ലാ വൈദികരും പ്രസ്തുത സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

## C. 43/16 Transfer and Appointment of Priests – 2016

### Parish Priests

| | |
|---|---|
| Fr. Chenamchirayil John | : Kattakkala |
| Fr. Cheruparambil Mathew | : Kiliyarkandom |
| Fr. Chittadiyil Jose | : Parathodu |
| Fr. Chittemariyil Markose | : Mavady |
| Fr. Edattel Sebastian | : Machiplavu |
| Fr. Irumpukuthiyil | : Idukki |
| Fr. Karinthel George | : Vattappara |
| Fr. Karivelickal George | : Mulakaramedu |
| Fr. Karottukocharackal Mathew | : Churuly |
| Fr. Karuvelil Dominic | : Thattekanni |
| Fr. Kattakayam Joseph | : Panickankudy |
| Fr. Kattupalath Thomas | : Mailadumpara |
| Fr. Koickal Joseph | : Kanakakunnu |
| Fr. Kummannuparambil Zacharias | : Thookupalam |
| Fr. Maniyattu Thoms | : Mariapuram |
| Fr. Mattam Varghese | : Chelliampara |
| Fr. Mulloor George | : Palar |
| Fr. Nallookunnel George | : Kombayar |
| Fr. Narithookil Jose | : Murickassery |
| Fr. Palapulickal Antony | : Ponmudy |
| Fr. Paracakl Philip | : Koompanpara |
| Fr. Parackal Joseph | : Kanthippara |
| Fr. Parakadavil James | : Pazhayarikandom |
| Fr. Podiparackal Kurian | : Narakakkanam |
| Fr. Powathu Joseph | : Sahayagiri |
| Fr. Puthenpurayil Thomas | : Kallarkutty |
| Fr. Ramachanattu Thomas | : Kozhimala |

Fr. Thottiyil Joseph : Karithodu
Fr. Thundathil Thomas : Thannikandam
Fr. Vadakkel Sebastian : Vimalagiri
Fr. Valavanal Mathew : Chempakappara
Fr. Valiyaveettil James : Kallar
Fr. Velinjalil Joseph : Mulakuvalley
Fr. Kuzhikandathil Mathew : Kunchithanny (Pro-Vicar)
Fr. Nampiaparambil George : Adimaly (Pro-vicar)
Fr. Kochupurackal Sebastian : Alppara (Vicar-in-charge)
Fr. Koloth Francis : Lower Kulamavu (Vicar-in-charge)
Fr. Makkiyl James : Kuthirakallu (Vicar-in-charge)
Fr. Mattam Philip : Karikkumtholam (Vicar-in-charge)
Fr. Naduppadavil Joseph : Ponnamala (Vicar-in-charge)

## Parochial Vicars (Assistant Parish Priests)

Fr. Ambazhathunkal James : Rajakumary
Fr. Chunayanmackal Joseph : Murickassery
Fr. Kamukummattathil Kurian : Thoprankudy
Fr. Kanjiramkunnel Thomas : Vellayamkudy
Fr. Karackattu Kuriakose : Vellathooval
Fr. Kavumkal James : Mankulam
Fr. Koickal Dominic : Adimaly
Fr. Kollappillil Kuriakose : Chemmannar
Fr. Kuzhippallil George (Jr.) : Thankamany
Fr. Kuzhiyamplavil Thomas : Sahayagiri
Fr. Madukkakkuzhy Mathew : Koompanpara
Fr. Mangalath Thomas : Pazhayarikandom
Fr. Marattukulam Thomas : Ezhukumvayal
Fr. Palakkudiyil Joseph : Nedumkandom
Fr. Puthiyaparambil Joseph : Erattayar
Fr. Thengumthottathil Joseph : Parathodu

## Offices

Fr. Irumbukuthiyil Mathew: Mathruvedi, Couples' Ministry & Asst. Dir. of Family Apostolate



Fr. Koickal Joseph : Prayer Groups
Fr. Kuzhikandathil Mathew: Principal, Kunchithanny H.F. School
Fr. Makkiyil James : Spiritual Director, Minor Seminary
Fr. Narithookkil Jose : Regional Director, Deepika
Fr. Pappady Joseph : Chaplin, Karuna Hospital
Fr. Puthenpurayil Thoms : Director, Jyothis ITC
Fr. Puthuparambil Mathew : Director, KCSL
Fr. Thottiyil Mathew : Director, Vianney Bhavan Priests' Home

## Studies

Fr. Arcattu Kuriakose : Bangalore
Fr. Niravath George : Bangalore
Fr. Porimattathil Joseph : Bangalore

## Relieved

Fr. Kuzhippallil George (Kuthirakallu)
Fr. Kuzhivelil Justin CMF (Rajakad)
Fr. Madathisseril Sebastian (Karikkumtholam)
Fr. Maniyattu Thomas (ITC, Ayiramekkar)
Fr. Painumkal Justin HGN (Murickumthotty)
Fr. Parayankuzhiyil Thomas MST (Ponmudy)
Fr. Thannippara Jose MST (Mulakaramedu)
Fr. Arrancherry Jinu George OFM Cap. (Panickankudy)
Fr. Pulickal Anish OFM Cap. (Chempakappara)

## C. 44/16 വൈദികവസ്ത്രസ്വീകരണം

താഴെപ്പറയുന്ന വൈദിക വിദ്യാർത്ഥികൾ റീജൻസി പൂർത്തിയാക്കി മെയ് 19-ാം തീയതി മാർ എഫ്രേം മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിച്ചു. ദൈവശാസ്ത്രപഠനം ആരംഭിക്കുന്ന ഇവർക്ക് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

1. കാട്ടുപാലത്ത് മാത്യു - തങ്കമണി
2. കൊച്ചുപറമ്പിൽ അബ്രാഹം - കട്ടക്കാല
3. മങ്ങാടൻപള്ളി ജേക്കബ് - കോമ്പയാർ
4. മണിമലക്കുന്നേൽ അബ്രാഹം - എഴുകുംവയൽ

5. മണ്ണുകുളത്ത് മാത്യു - മഞ്ഞപ്പാറ
6. താണോലിൽ ജോസഫ് - തോപ്രാംകുടി
7. ഉമ്മിക്കുന്നേൽ ജോസഫ് - സ്നേഹഗിരി
8. ഉറുമ്പിൽ തോമസ് - ഭൂമിയാംകുളം
9. വരകുകാലായിൽ തോമസ് - ചെമ്പകപ്പാറ
10. വട്ടത്തറയിൽ സെബാസ്റ്റ്യൻ - ബഥേൽ
11. വട്ടക്കുന്നേൽ ജയിംസ് - കരിമ്പൻ
12. വെള്ളക്കുളമ്പേൽ ജേക്കബ് - മാങ്കുളം
13. വെട്ടുകല്ലേൽ സെബാസ്റ്റ്യൻ - രാജമുടി

**C. 45/16 സീറോ മലബാർ സഭാദിനം**

മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളായ ജൂലൈ 3 സീറോ മലബാർ സഭാദിനമായി ആചരിക്കുകയാണ്. സീറോ മലബാർ സഭാ കാര്യാലയത്തിന്റെ പ്രവർത്തന ചെലവുകളിലേക്കായി അന്നേദിവസം പ്രത്യേക പിരിവ് പള്ളികളിൽ നടത്തി ഒരു വ്യക്തിക്ക് ഒരു രൂപ എന്ന നിരക്കിൽ തുക ജൂലൈ 31 നകം രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**C. 46/16 പത്രോസിന്റെ കാശ് പിരിവ്**

മുൻകൂട്ടി അറിയിച്ച് ജൂൺ 26-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. പത്രോസിന്റെ കാശ് പിരിവ് നടത്തി ലഭിക്കുന്ന തുക ജൂലൈ 31 നകം രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**C. 47/16 തിരുനാൾ മംഗളങ്ങൾ**

| | |
|---|---|
| ഫാ. ആന്റണി ചെറുകുന്നേൽ | ജൂൺ 13 |
| ഫാ. ആന്റണി ആലഞ്ചേരിൽ | ജൂൺ 13 |
| ഫാ. ആന്റണി പനച്ചിക്കൽ | ജൂൺ 13 |
| ഫാ. ആന്റണി പാലാപുളിക്കൽ | ജൂൺ 13 |
| ഫാ. ആന്റണി പാറക്കടവിൽ | ജൂൺ 13 |
| ഫാ. ജോൺ ചേനംചിറയിൽ | ജൂൺ 24 |
| ഫാ. ജോൺ മുണ്ടയ്ക്കാട്ട് | ജൂൺ 24 |
| ഫാ. പോൾ മണിയാട്ട് | ജൂൺ 29 |



## ക്രിസ്തുജ്യോതി

**CJ. 38/16 പുസ്തക വിതരണം**

2016 -2017 പ്രവർത്തനവർഷത്തേക്കുള്ള സണ്ടേ സ്കൂൾ, റഗുലർ സ്കൂൾ (വേദപാഠം, സന്മാർഗ്ഗം) പുസ്തകങ്ങൾ ക്രിസ്തുജ്യോതി ഓഫീസിൽ വിതരണത്തിനു തയ്യാറായിട്ടുണ്ട്. പുസ്തകങ്ങൾ വാങ്ങുമ്പോൾ തന്നെ മുഴുവൻ തുകയും നല്കേണ്ടതാണ്. സന്മാർഗ്ഗ പാഠം STD I മുതൽ STD IV വരെ ക്ലാസുകളിലെ പുസ്തകങ്ങളുടെ വില Rs. 35 വീതവും STD V മുതൽ STD X വരെ ക്ലാസുകളിലെ പുസ്തകങ്ങളുടെ വില Rs. 40 വീതവുമായിരിക്കും. XI, XII ക്ലാസുകളിലെ പുസ്തകങ്ങളുടെ വില Rs. 20 വീതവുമാണ്. സ്കൂൾ കാറ്റക്കിസം പുസ്തകങ്ങളുടെ വില I-ാം ക്ലാസ് മുതൽ VIII-ാം ക്ലാസ് വരെ Rs. 24 വീതവും IX, X ക്ലാസുകളിലെ പുസ്തകങ്ങളുടെ വില Rs. 20 വീതവും, XI, XII ക്ലാസുകളിലെ പുസ്തകങ്ങളുടെ വില Rs. 26 വീതവുമാണ്. സണ്ടേ സ്കൂൾ പുസ്തകങ്ങളുടെ വില I-ാം ക്ലാസ് മുതൽ IV-ാം ക്ലാസ് വരെ Rs. 25 വീതവും ബാക്കി ക്ലാസുകളിലെ പുസ്തകങ്ങളുടെ വില Rs. 30 വീതവും ആണ്. വർക്കു ബുക്കുകളുടെ വില Rs. 25 ആണ്.

**CJ. 39/16 ഉപപാഠപുസ്തകം**

V, VI, VII ക്ലാസുകളിലെ കുട്ടിൾക്ക് ഉപപാഠപുസ്തകം ഉണ്ടായിരിക്കും. പുസ്തകത്തിന്റെ വില Rs. 5 ആയിരിക്കും. VIII, IX ഉപപാഠപുസ്തകത്തിന്റെ വില Rs. 25.

**CJ. 40/16 സണ്ടേ സ്കൂൾ ബാഗ്**

സണ്ടേ സ്കൂൾ കുട്ടികൾക്കായി രൂപതാ കേന്ദ്രത്തിൽ ബാഗ് തയ്യാറായിട്ടുണ്ട്. വില Rs. 70, 120. സ്കൂളിൽ കുട്ടികൾക്ക് ഉപയോഗിക്കൻ സാധിക്കുന്ന മോഡലിലുള്ള ബാഗ് കുറച്ച് സ്റ്റോക്കുണ്ട്.

## CJ. 41/16 സ്റ്റഡി ഫോറവും പ്രാർത്ഥനാദിനവും

ജൂൺ മാസത്തെ സ്റ്റഡി ഫോറം ജൂൺ 12-നാണ് നടത്തേണ്ടത്. വിഷയം "സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസ പരിശീലനം" എന്ന പുസ്തകത്തിലെ ആദ്യത്തെ 7 അദ്ധ്യായങ്ങളിൽ ഒന്ന്.

## CJ. 42/16 ഇടവക വിഹിതം

2016-17 പ്രവർത്തന വർഷത്തിൽ കുട്ടികളിൽ നിന്നും ഇടവക വിഹിതം **Rs. 20** വർഷാരംഭത്തിൽ തന്നെ ശേഖരിക്കാൻ ശ്രദ്ധിക്കുമല്ലോ.

## CJ. 43/16 ലോഗോസ് ക്വിസ് 2016

പഠന ഭാഗം:- സംഖ്യ 11-21
സുഭാഷിതങ്ങൾ 10-20
യോഹന്നാൻ 13-21
വെളിപാട് 1-3.

രൂപതാതല പരീക്ഷാ:- 2016 സെപ്റ്റംബർ 25ന് 2.00 p.m. to 3.30 p.m.
സംസ്ഥാന പരീക്ഷാ:- 2016 നവംബർ 26.
രജി. ആരംഭിക്കുന്നത് 2016 ജൂൺ 1.
രജി. അവസാനിക്കുന്നത് 2016 ജൂലൈ 30.

**പ്രായ വിഭാഗങ്ങൾ**

A വിഭാഗം 1-1-2005 ന് ശേഷം ജനിച്ചവർ
B വിഭാഗം 1-1-2000 നും 31-12-2004 നും ഇടക്ക് ജനിച്ചവർ
C വിഭാഗം 1-1-1985 നും 31-12-1999 നും ഇടക്ക് ജനിച്ചവർ
D വിഭാഗം 1-1-1965 നും 31-12-1984 നും ഇടക്ക് ജനിച്ചവർ
E വിഭാഗം 1-1-1952 നും 31-12-1964 നും ഇടക്ക് ജനിച്ചവർ
F വിഭാഗം 31-12-1951 ന് മുമ്പ് ജനിച്ചവർ.

ലോഗോസ് ക്വിസ് ഓൺലൈൻ രജിസ്ട്രേഷൻ ആണ് നടത്തേണ്ടത്. രജിസ്ട്രേഷൻ കഴിവതും നേരത്തെ പൂർത്തിയാക്കണം. ഓരോ ഇടവകയും സ്വന്തം ഉത്തരവാദിത്വത്തിൽ ഓൺലൈൻ രജി



സ്ട്രേഷൻ നടത്തണം. 2016 ജൂലൈ 30 മുമ്പായി മത്സരാർത്ഥികളുടെ ലിസ്റ്റും രജിസ്ട്രേഷൻ ഫീസും ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കണം. രജി. ഫീസ് Rs. 10 ആണ്.

4-ാം ക്ലാസുമുതൽ 12-ാം ക്ലാസുവരെയുള്ള എല്ലാ കുട്ടികളെയും അവരുടെ മാതാപിതാക്കളെയും കഴിയുന്നത്ര ഇടവകാംഗങ്ങളെയും ക്വിസിൽ പങ്കെടുപ്പിക്കുമല്ലോ.

സമ്മാനങ്ങൾ.

1. രൂപതയിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം.
2. ഇടവകാഗംങ്ങളുടെ എണ്ണത്തിന് ആനുപാതികമായി കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം.
3. ഏറ്റവും നല്ല പെർഫോമൻസ് കാഴ്ചവയ്ക്കുന്ന ഇടവകയ്ക്ക് സമ്മാനം.
4. ഓരോ വിഭാഗത്തിലും രൂപതാതലത്തിൽ 1st, 2nd, 3rd, 4th റാങ്കുകാർക്ക് സമ്മാനം.
5. ഓരോ ഇടവകയിലും ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്നവർക്ക് സമ്മാനം.
6. ലോഗോസ് ക്വിസിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന മതാദ്ധ്യാപകർക്ക് സമ്മാനം.

## CJ. 44/16 ലോഗോസ് ഫമിലിയ ക്വിസ്

ഈ വർഷം മുതൽ ലോഗോസ് ഫമിലിയ ക്വിസ് ആരംഭിക്കുന്നു. ഒരോ രൂപതയിലേയും ഫാമിലി ക്വിസിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന കുടുംബത്തിന് സംസ്ഥാനതലത്തിൽ മത്സരിക്കാൻ അവസരം അവസരം ലഭിക്കുന്നു. സംസ്ഥാനതല എഴുത്തു പരീക്ഷ പി. ഒ.സി. യിൽ നവംബർ 26-ാം തീയതി രാവിലെ 10.00 ന് ആരംഭിക്കും. അതിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന 4 കുടുംബങ്ങളായിരിക്കും അന്ന് 2.30 ന് ലോഗോസ് ടെലിക്വിസിൽ പങ്കെടുക്കുന്നത്. ഫമിലിയ ക്വിസിൽ ഏറ്റവും കുറഞ്ഞത് മാതാപിതാക്കളും ഒരു കുട്ടിയുമെങ്കിലും ഉണ്ടായിരിക്കണം.

## CJ. 45/16 S.S.C. പരീക്ഷക്കു 100% വിജയം നേടിയ സണ്ടേ സ്കൂളുകൾ

1. ആയിരമേക്കർ
2. ആനച്ചാൽ
3. ആൽപ്പാറ
4. അൽഫോൺസ നഗർ
5. ആനക്കുളം
6. ആന്റോപുരം
7. ചേമ്പളം
8. ചെമ്മണ്ണാർ
9. ചെമ്പകപ്പാറ
10. ചിന്നാർ നിരപ്പ്
11. കോമ്പയാർ
12. ഈട്ടിത്തോപ്പ്
13. എഴുകുംവയൽ
14. ജോർജ്ജിയർ
15. ഇരുമ്പുപാലം
16. ജോസ്പുരം
17. കോഴിമല
18. കല്ലാർ
19. കല്ലുപാലം
20. കാമാക്ഷി
21. കനകക്കുന്ന്
22. കുതിരകല്ല്
23. കട്ടക്കാല
24. കരിമല
25. കരിക്കിൻതോളം
26. കരിമ്പൻ
27. കാരിത്തോട്
28. കൂമ്പൻമല
29. കൂമ്പൻപാറ
30. കൈലാസം
31. കുരിശുപാറ
32. കുത്തുപാറ
33. ലോവർ കുളമാവ്
34. മേരിലാന്റ്
35. മണിയാറൻകുടി
36. മഞ്ഞപ്പെട്ടി
37. മരിയാപുരം
38. മാവടി
39. മുക്കുടം
40. മാങ്കുളം
41. മുളകുവള്ളി
42. മൈലാടുംപാറ
43. മുട്ടുകാട്
44 നാങ്കുതൊട്ടി
45. മാങ്കടവ്
46. പച്ചടി
47. പാലാർ
48. പാണ്ടിപ്പാറ
49. പണിക്കൻകുടി
50. പാറത്തോട്
51. പഴയരിക്കണ്ടം
52. രാജകുമാരി
53. രാജാക്കാട്
54. രാജമുടി
55. ശ്ലീവാമല
56. ശാന്തിഗ്രാം
57. ശെല്യാംപാറ
58. സ്നേഹഗിരി
59. തങ്കമണി
60. തൂക്കുപാലം
61. തൊവരയാർ
62. വാത്തിക്കുടി
63. വാഴത്തോപ്പ്



## CJ. 46/16 H.C.C. പരീക്ഷക്കു 100% വിജയം നേടിയ സണ്ടേ സ്കൂളുകൾ

1. വിശ്വദീപ്തി സി.എം.ഐ. പബ്ലിക്സ്കൂൾ, അടിമാലി
2. അൽഫോൺസാ നഗർ
3. ആനച്ചാൽ
4. ആന്റോപുരം
5. ബൈസൺവാലി
6. ചേമ്പളം
7. ചെമ്മണ്ണാർ
8. കോമ്പയാർ
9. ചുരുളി
10. ഈട്ടിത്തോപ്പ്
11. എല്ലക്കല്ല്
12. ജോർജിയാർ
13. ഇരുമ്പുപാലം
14. ജോസ്ഗിരി
15. കോഴിമല
16. കല്ലാർ
17. കട്ടക്കാല
18. കഞ്ഞിക്കുഴി
19. കരിമ്പൻ
20. കരിക്കിൽതോളം
21. കാരിത്തോട്
22. കീരിത്തോട്
23. കൂമ്പൻമല
24. കുരിശുപാറ
25. കാമാക്ഷി
26. കാന്തിപ്പാറ
27. ലോവർകുളമാവ്
28. മച്ചിപ്ലാവ്
29. മഞ്ഞപ്പാറ
30. മുരിക്കുംതൊട്ടി
31. മണിയാറൻകുടി
32. മഞ്ഞപ്പെട്ടി
33. മാൻകടവ്
34. മുളകുവള്ളി
35. മേരിലാന്റ്
36. മാവടി
37. മുക്കുടം
38. മൈലാടുംപാറ
39. മരിയാപുരം
40. നസ്രത്തുവാലി
41. നാങ്കുതൊട്ടി
42. നീലിവയൽ
43. പൈനാവ്
44. പച്ചടി
45. പാലാർ
46. പാണ്ടിപ്പാറ
47. പണിക്കൻകുടി
48. പൊൻമുടി
49. രാജമുടി
50. രാജപുരം
51. ശെല്യാംപാറ
52. സ്നേഹഗിരി
53. ശാന്തിഗ്രാം
54. തട്ടേക്കണ്ണി
55. തൊവരയാർ
56. തോക്കുപാറ
57. തൂക്കുപാലം
58. തങ്കമണി
59. ഉദയഗിരി
60. വാത്തിക്കുടി
61. വട്ടപ്പാറ
62. വെള്ളത്തൂവൽ
63. വിമലഗിരി
64. വെൺമണി

## CORPORATE EDUCATIONAL AGENCY

### Edn. 18/16 അദ്ധ്യയന വർഷാരംഭം

ഒരു അദ്ധ്യയനവർഷം കൂടി ആരംഭിക്കുകയാണല്ലോ. കഴിഞ്ഞ വർഷങ്ങളിലെ നേട്ടങ്ങളെക്കുറിച്ച് ചിന്തിക്കുന്നതോടൊപ്പം നേടാൻ പറ്റാതെപോയ കാര്യങ്ങളെക്കുറിച്ചും അത്മശോധന നടത്തുവാനുള്ള അവസരമാണ്. നമ്മുടെ സ്കൂളുകളിലൂടെ രൂപപ്പെടേണ്ടത് ഈ നാടിന് അഭിമാനകരമാകേണ്ട പ്രതീക്ഷ നല്കേണ്ട ഒരു തലമുറയാണെന്ന ചിന്ത ഓരോ അദ്ധ്യാപകനിലും ഉണ്ടാകേണ്ടതാണ്. കുട്ടികളുടെ മാനസികവും ബൗദ്ധീകവും ആദ്ധ്യാത്മികവും ധാർമ്മീകവുമായ വളർച്ച - പക്വത നമ്മുടെ പ്രവർത്തനങ്ങളുടെ ലക്ഷ്യമായിരിക്കണം. അതിനുള്ള പദ്ധതികൾ വർഷാരംഭത്തിൽ തന്നെ ആലോചിച്ച് ആവിഷ്ക്കരിക്കണം. പാഠ്യമേഖലയിലുള്ള കുറവുകളും പോരായ്മകളും കുട്ടികളുടെ മനോഭാവങ്ങളും തിരുത്തപ്പെടണം. കുട്ടികൾക്ക് പഠനത്തോടുള്ള ആഭിമുഖ്യം വർദ്ധിക്കുന്ന രീതിയിൽ നമ്മുടെ പാഠ്യപദ്ധതികൾ നവീകരിക്കണം. ഓരോ അദ്ധ്യാപകനും കുട്ടികളോടൊപ്പം അനുദിനം പഠിക്കുന്നവരായെങ്കിലെ അവന്റെ പാഠ്യപദ്ധതികൾ ആനുകാലികമാവുകയുള്ളു എന്നു തിരിച്ചറിയണം

അദ്ധ്യാപകരിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം ഒരു ജോലി എന്നതിനേക്കാൾ ദൈവനിയോഗമായി ലഭിച്ചിരിക്കുന്ന ഒരു ദൗത്യമായി കാണണം. ആ ദൗത്യനിർവ്വഹണത്തിന് അർഹമായ രീതിയിൽ അവന്റെ മനോഭാവങ്ങളേയും കാഴ്ചപ്പാടുകളേയും ജീവിത ശൈലികളേയും ധാർമ്മികതയേയും ഇടപെടുലുകളേയും ഓരോ അദ്ധ്യാപകനും രൂപപ്പെടുത്തുക അനിവാര്യമാണ്.

പൊതു വിദ്യാലയങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങളെ നമ്മുടെ മാതൃകാപരമായ, ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്കൊണ്ട് പരിഹരിക്കാൻ നാം സന്നദ്ധരാകണം. നമ്മുടെ വിദ്യാലയങ്ങളിൽ തന്നെ തങ്ങളുടെ കുട്ടികളെ ചേർത്തു പഠിപ്പിക്കാതെ ഇംഗ്ലീഷ് മീഡിയം, പബ്ലിക്ക് സ്കൂളുകൾ, കേന്ദ്ര വിദ്യാലയങ്ങൾ



എന്നിവിടങ്ങളിൽ കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകർ ഇനിയും ഒരു പുനർവിചിന്തനത്തിനു തയ്യാറാകണം.

നമ്മുടെ എല്ലാ പ്രവർത്തനങ്ങളേയും വളരെ നല്ല രീതിയിൽ അനുഗ്രഹിച്ചു സംരക്ഷിച്ചുകൊണ്ടിരിക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ കൃപ ഈ അദ്ധ്യയന വർഷം മുഴുവനിലും നിങ്ങളിൽ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

### Edn. 19/16 സ്നേഹനിധി - ചികിത്സാസഹായം

കഴിഞ്ഞ വർഷം നമ്മുടെ സ്കൂളുകളിൽ നടപ്പിലാക്കിയ സ്നേഹനിധി ചികിത്സാസഹായ പദ്ധതി വളരെയേറേ കുട്ടികൾക്കും കുടുംബങ്ങൾക്കും ആശ്വാസമായി എന്നതിൽ സംശയമില്ല. ഈ പരസ്പര സഹായപദ്ധതി കരുണയുടെ വർഷത്തിൽ മാതൃകാപരമായ ഒരു സംഭവമായിരുന്നു. 225 ഓളം കുട്ടികൾക്കായി പത്തു ലക്ഷത്തിൽപരം ചികിത്സാസഹായം ഈ പദ്ധതി വഴി കൊടുക്കുവാൻ സാധിച്ചു.

കഴിഞ്ഞവർഷം എല്ലാ കുട്ടികളേയും ഈ പദ്ധതിയിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല. ഈ വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിശദവിവരങ്ങൾ അറിയിക്കുന്നതായിരിക്കും.

### Edn. 20/16 Success mind

നമ്മുടെ സ്കൂളുകളിലെ പ്രതിഭകൾക്കായി നടത്തുന്ന പ്രത്യേക പരിശീലന പരിപാടി ഈ വർഷവും നടത്തുന്നതാണ്. അവധിക്കാല ക്ലാസുകളെ സംബന്ധിച്ച് ഗവൺമെന്റുതലത്തിൽ നിയന്ത്രണമേർപ്പെടുത്തിയതിനാൽ ഈ വർഷവും ആ പദ്ധതി പൂർണ്ണമാക്കാൻ പറ്റിയില്ല. അതുകൊണ്ട് അദ്ധ്യയനകാലഘട്ടത്തിൽ തന്നെ കൂടുതൽ ക്ലാസുകൾ കണ്ടെത്തിയായിരിക്കും ഈ വർഷം ഇതു നടപ്പിലാക്കുക. അർഹരായ പ്രതിഭകളെ ഇതിൽ പങ്കെടുപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

### Edn. 21/16 ജീവകാരുണ്യ സ്കോളർഷിപ്പ്

ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ജീവകാരുണ്യ സ്കോളർഷിപ്പ്വഴിയായി ഇതിനകം 17 കുട്ടികളുടെ ഉന്നത

പഠനത്തിന് സഹായം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയുമായി സഹകരിക്കുന്ന എല്ലാ അദ്ധ്യാപകർക്കും ആത്മാർത്ഥമായ നന്ദി. എല്ലാവരുടേയും സഹകരണം ഈ വർഷവും പ്രതീക്ഷിക്കുന്നു.

## Edn. 22/16 സന്മാർഗ്ഗശാസ്ത്രം - വേദപാഠം

നമ്മുടെ സ്കൂളുകളിൽ വേദപാഠം - സന്മാർഗ്ഗ ശാസ്ത്രം ക്ലാസ്സുകൾ ജൂൺ മാസത്തിൽ തന്നെ ആരംഭിക്കണം. ആവശ്യമായ പുസ്തകങ്ങൾ മുൻകൂട്ടി രൂപതാ കേന്ദ്രത്തിൽ നിന്നും വാങ്ങി സമയബന്ധിതമായി ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

## Edn. 23/16 സന്മാർഗ്ഗശാസ്ത്രം - K.C.B.C. സ്കോളർഷിപ്പുകൾ

K.C.B.C. വിദ്യാഭ്യാസ കമ്മീഷൻ നടത്തിയ സന്മാർഗ്ഗ ശാസ്ത്ര പരീക്ഷയിൽ ഈ രൂപതയിൽ നിന്നും പങ്കെടുത്ത് സമ്മാനാർഹരായ കുട്ടികൾക്ക് ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. കുട്ടികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

### English Medium

1. Milda Benny De Paul Public School Rajamudy
2. Amalu Benny De Paul Public School Rajamudy
3. Juvel Georgekutty De Paul Public School Rajamudy
4. Aparna Abraham De Paul Public School Rajamudy
5. Rose mery Jams De Paul Public School Rajamudy
6. Anna Rose sunny De Paul Public School Rajamudy

### Malayalam Medium

1. Soumya S. Nair Vellayamkudy SJHSS
2. Noorbina Razak Vellayamkudy SJHSS
3. Aleena George Chemmannar SXHSS
4. Anitha Elizabath Varghese Kanthippara SSHS

## Edn. 24/16 SSLC - Plus Two Result

ഈ വർഷത്തെ SSLC - Plus Two പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്കും സ്കൂളുകൾക്കും ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. റിസൾട്ടിന്റെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.



## Details of S.S.L.C Result during the year 2015-16

| Sl.No | Name of School | Appeared | Passed | Failed | Full A + | Percentage |
|---|---|---|---|---|---|---|
| 1 | Vazhathope SGHSS | 208 | 208 | | 8 | 100 |
| 2 | Mariapuram SMHS | 56 | 56 | | 9 | 100 |
| 3 | Ponmudy SMHS | 26 | 26 | | 1 | 100 |
| 4 | Thokkupara SSHS | 100 | 100 | | | 100 |
| 5 | Vazhavara SMHS | 61 | 61 | | 2 | 100 |
| 6 | Vimalagiri VHS | 52 | 52 | | | 100 |
| 7 | Thankamany STHSS | 190 | 189 | 1 | 6 | 99.47 |
| 8 | Punnayar STHS | 111 | 110 | 1 | 5 | 99.09 |
| 9 | Pottenkad SSHS | 107 | 106 | 1 | 6 | 99.06 |
| 10 | Erattayar STHSS | 277 | 273 | 4 | 22 | 98.55 |
| 11 | Murickassery SMHSS | 233 | 229 | 4 | 12 | 98.28 |
| 12 | Kanthippara SSHS | 57 | 56 | 1 | 3 | 98.24 |
| 13 | Parathode SGHS | 214 | 210 | 4 | 12 | 98.13 |
| 14 | Chemmannar SXHSS | 171 | 167 | 4 | 13 | 97.66 |
| 15 | Vellayamkudy SJHSS | 182 | 176 | 6 | 13 | 96.7 |
| 16 | Upputhode SJHS | 28 | 27 | 1 | | 96.42 |
| 17 | Mankulam SMHS | 113 | 108 | 5 | | 95.57 |
| | **Total** | **2186** | **2154** | **32** | **112** | **98.53** |

### Un- Aided Schools

| | | | | | | |
|---|---|---|---|---|---|---|
| 1 | Nedumkandam SSHS | 167 | 166 | 1 | | 99.40 |

### Other Management Schools

| | | | | | | |
|---|---|---|---|---|---|---|
| 1 | Koompanpara FMGHSS | 203 | 203 | 12 | | 100 |
| 2 | Calvarymount CHS | 97 | 97 | | | 100 |
| 3 | Mankadavu CMHS | 131 | 131 | | 7 | 100 |
| 4 | Vattavada KEHS | 16 | 16 | | | 100 |

## RESULT FOR THE ACADEMIC YEAR 2015-16

| Sl. No | Name of the School | Computer Science | | Pure Science | | Home Science | | Commerce | | Humanities | | Total | | Full A+ | Percentage |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Appeard | Passed | Appeard | Passed | Appeard | Passed | Appeard | Passed | Appeard | Passed | Appeard | Passed | | |
| 1 | Thankamany STHSS | | | 54 | 54 | | | 103 | 101 | 57 | 55 | 214 | 210 | 10 | 98.13 |
| 2 | Vellayamkudy SJHSS | 51 | 47 | 56 | 55 | | | 55 | 55 | 51 | 51 | 213 | 208 | 16 | 97.65 |
| 3 | Erattayar STHSS | 48 | 47 | 100 | 98 | | | 115 | 110 | | | 263 | 255 | 13 | 96.95 |
| 4 | Vazhathoppe SGHSS | 45 | 45 | 104 | 100 | | | 104 | 91 | 52 | 54 | 305 | 280 | 15 | 91.80 |
| 5 | Chemmannar SXHSS | | | 56 | 52 | 51 | 42 | 57 | 55 | 57 | 51 | 221 | 200 | 5 | 90.49 |
| 6 | Murickassery SMHSS | | | 110 | 98 | | | 113 | 101 | 57 | 53 | 280 | 252 | 12 | 90 |
| 7 | Mankulam SMHSS | | | | | | | 44 | 32 | | | 44 | 32 | | 72.72 |
| 8 | Mariyapuram SMHSS | | | 35 | 12 | | | | | | | | | | 34.29 |
| | Total | **144** | **139** | **515** | **469** | **51** | **42** | **591** | **545** | **274** | **254** | **1540** | **1437** | **71** | |
| | **Un-Aided Schools** | | | | | | | | | | | | | | |
| 1 | Parathode SGHSS | | | 40 | 28 | | | 53 | 47 | | | 93 | 75 | | 80.65 |
| 2 | Nedumkandam SSHSS | | | 48 | 44 | 43 | 23 | | | | | 91 | 67 | | 73.63 |
| | **Other Management School** | | | | | | | | | | | | | | |
| 1 | Koompanpara | | | 110 | 108 | | | 107 | 106 | | | 217 | 214 | 24 | 98.6 |



# സോഷ്യൽ സർവ്വീസ്

## SS 46/16 ആശാകിരണം ക്യാൻസർ ക്യാമ്പയിൻ- ലീഡേഴ്സ് മീറ്റും, ഭക്ഷ്യ സുരക്ഷാ പഠനക്യാമ്പും, പരിശീലനവും

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും കാരിത്താസ് ഇൻഡ്യയും ചേർന്ന് ഇടുക്കിയിൽ നടപ്പിലാക്കുന്ന ആശാകിരണം ക്യാൻസർ പദ്ധതിയുടെ ഭാഗമായി ആശാകിരണം ലീഡേഴ്സ് മീറ്റും, വോളണ്ടിയേഴ്സ് ട്രെയിനിംഗും 28/04/2016 ചേലച്ചുവട് സെന്റ് തോമസ് പാരീഷ് ഹാളിൽ നടത്തി. ക്രെഡിറ്റ് യൂണിയൻ ലീഡേഴ്സ്, ഫെഡറേഷൻ ലീഡേഴ്സ്, ഇടുക്കി ദുരന്ത നിവാരണ സേനാംഗങ്ങൾ എന്നിവർ ഉൾപ്പെടെ 100 ഓളം ആളുകൾ യോഗത്തിൽ പങ്കെടുത്തു. എച്ച്.ഡി.എസ്. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ മുഖ്യപ്രഭാഷണം നടത്തിയ യോഗത്തിൽ റവ. ഫാ. ജോസ് നരിതൂക്കിൽ അദ്ധ്യക്ഷനായിരുന്നു. കാരിത്താസ് ഇൻഡ്യ പ്രോഗ്രാം കോർഡിനേറ്റർ ശ്രീമതി സിബി ക്ലാസ്സുകൾ നയിച്ചു. അതോടൊപ്പം തന്നെകോയമ്പത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കന്യാ ഓർഗാനിക് അഗ്രോ ഹോൾഡിംഗ്സിന്റെ നേതൃത്വത്തിൽ ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ സെമിനാറും, സുരക്ഷിത ഭക്ഷണം ഉണ്ടാക്കുന്നതിനുള്ള പരിശീലന പരിപാടിയും നടത്തപ്പെട്ടു. എച്ച്.ഡി.എസ്. പ്രോജക്ട് ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിനീഷ് കോട്ടൂർ, സി. ആൽബി എസ്.എ.ബി.എസ്., ബ്ര. തോമസുകുട്ടി ഉറുമ്പിൽ എന്നിവർ പരിപാടിയ്ക്ക് നേതൃത്വം നൽകി.

## SS 47/16 ജെ.എൽ.ജി. ലോൺ

വരുമാന വർദ്ധന പദ്ധതിയുടെ ഭാഗമായി സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 44 ജെ.എൽ.ജി. ഗ്രൂപ്പുകൾക്ക് നബാർഡിന്റെ സഹായത്തോടുകൂടി യൂണിയൻ ബാങ്കുമായി സഹകരിച്ച് 5400000/- രൂപ വായ്പയായി നൽകി.

## SS 48/16 വാർഷിക ഓഡിറ്റിംഗ്

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ 2015-2016 സാമ്പത്തിക വർഷത്തെ വാർഷിക ഓഡിറ്റിംഗ് മെയ് 12,13,17,18 തിയതികളിലായി നടന്നു.

## SS 49/16 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

**കിളിയാർകണ്ടം**

കിളിയാർകണ്ടം യൂണിറ്റിന്റെ വാർഷികം മെയ് മാസം 8-ാം തീയതി രാവിലെ 11.30 ന് നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീമതി സാലി നിരപ്പേൽ അദ്ധ്യക്ഷത വഹിച്ച യോഗം വാർഡ് മെമ്പർ ശ്രീമതി ബിന്ദു സ്ക്കറിയ പതിപ്പിള്ളി ഉദ്ഘാടനം ചെയ്തു. യൂണിറ്റിൽ പുതുതായി ആരംഭിച്ച ഭവന പുനരുദ്ധാരണത്തിനായി ഒരാൾക്ക് 30,000 രൂപ വീതം നല്കുന്ന ലോണിന്റെ ഔദ്യോഗിക ഉദ്ഘാടനംയൂണിറ്റ് രക്ഷാധി കാരി റവ. ഫാ. ജോസഫ് പൗവ്വത്തിൽ നിർവ്വഹിച്ചു. 100 ഓളം പേർ പങ്കെടുത്ത പരിപാടികൾക്ക്, സെക്രട്ടറി ശ്രീ. ജോണി ചേലമരുതുങ്കൽ നേതൃത്വം നൽകി.

**ഈട്ടിത്തോപ്പ്**

ഈട്ടിത്തോപ്പ് യൂണിറ്റിന്റെ വാർഷികം മെയ് മാസം 13-ാം തീയതി എച്ച്.ഡി.എസ്. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കലിന്റെ സാന്നിദ്ധ്യത്തിൽ നടന്നു. രക്ഷാധികാരി റവ. ഫാ. തോമസ് തൈച്ചേരിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. 50 പേരോളം പങ്കെടുത്ത വാർഷിക പരിപാടികൾക്ക് ആനിമേറ്റർ ശ്രീമതി ജോളി റ്റോമി, യൂണിറ്റ് പ്രസിഡന്റ് ശ്രീ. ബിനോയി സെക്രട്ടറി ശ്രീമതി ഉഷ എന്നിവർ നേതൃത്വം നൽകി.

## SS 50/16 ദത്തുകുടുംബങ്ങളുടെ ഒത്തുചേരൽ

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യയുടെ സഹായത്തോടെ നടത്തുന്ന ദത്തുകുടുംബങ്ങളുടെ വാർഷിക ഒത്തുചേരൽ മെയ് മാസം 13-ാം തീയതി കരിമ്പൻ സെന്റ് മേരീസ് പാരീഷ് ഹാളിൽ നടത്തി. രൂപതാ



ചാൻസലർ റവ. ഫാ. ജോസഫ് കൊച്ചുകുന്നേൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ എച്ച്.ഡി.എസ്. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ അദ്ധ്യക്ഷത വഹിച്ചു. ചൈൽഡ് ലൈൻ ടീം മെമ്പർ ശ്രീ. ചാക്കോ അമ്പാട്ട് കുട്ടികളുടെ അവകാശത്തെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു. റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ക്യാൻസർ ബോധവൽക്കരണത്തെക്കുറിച്ച് സംസാരിച്ചു. പ്രോജക്ട് കോർഡിനേറ്റർ ശ്രീ. മെൽബിൻ മാത്യുപുതിയ പ്രവർത്തനങ്ങളെ ക്കുറിച്ചുള്ള നിർദ്ദേശങ്ങൾ അംഗങ്ങൾക്ക് നൽകി.ആനിമേറ്റർ ശ്രീമതി കുഞ്ഞമ്മ തോമസ് യോഗത്തിന് കൃതജ്ഞത അർപ്പിച്ചു.

## SS 51/16 അരി വിതരണം

മാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നിലവാരമുള്ള കുത്തരി കിലോയ്ക്ക് 28 രൂപ നിരക്കിൽ ഓർഡർ അനുസരിച്ച് യൂണിറ്റുകളിൽ എത്തിച്ചുകൊടുക്കുന്നു. ഇതുവരെ 24700 കിലോ അരി വിതരണം ചെയ്തു. ആവശ്യമുള്ളവർ എച്ച്.ഡി. എസ്. ഓഫീസുമായി ബന്ധപ്പെടുമല്ലൊ.

## SS 52/16 മുട്ടക്കോഴിക്കുഞ്ഞ് വിതരണം

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രാമശ്രീ, ഗ്രാമലക്ഷ്മി എന്നീ ഇനങ്ങളിൽപ്പെട്ട 1070 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ തടിയമ്പാട്, ചേലച്ചുവട്, വെൺമണി, ഇരട്ടയാർ, തങ്കമണി, തൂക്കുപാലം, കരുണാപുരം എന്നീ സ്ഥലങ്ങളിലായി വിതരണം ചെയ്തു.

# തിരുബാലസഖ്യം

## HC 14/16 പ്രവർത്തനവർഷാരംഭം

എല്ലാ തിരുബാലസഖ്യ കൂട്ടുകാർക്കും അനുഗ്രഹപൂർണ്ണ മായ പുതിയ പ്രവർത്തനവർഷം ആശംസിക്കുന്നു. ജൂൺ

മാസത്തിൽതന്നെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ബഹുമാനപ്പെട്ട ആനിമേറ്റഴ്സ് ശ്രദ്ധിക്കുമല്ലോ.

### HC 15/16 സ്വാഗതം

തിരുബാലസഖ്യത്തിന്റെ രൂപതാ ഡയറക്ടറായി പുതുതായി സ്ഥാനമേറ്റ ജോർജ്ജ് പെരുമാലിലച്ചന് തിരുബാലസഖ്യ കുടുംബ ത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

### HC 16/16 നന്ദിയോടെ യാത്രാമംഗളങ്ങൾ

കഴിഞ്ഞ ഒരു വർഷക്കാലം തിരുബാലസഖ്യത്തിന്റെ രൂപതാഡയറക്ടറായി നൂതനങ്ങളായ പ്രവർത്തനങ്ങളിലൂടെ തിരുബാലസഖ്യത്തെ വളർത്തിയ ശേഷം തങ്കമണി ഇടവകയുടെ അസിസ്റ്റന്റ് വികാരിയായി സ്ഥലം മാറിപ്പോകുന്ന സ്നേഹബഹു മാനപ്പെട്ട ജോർജ് കുഴിപ്പിള്ളിലച്ചന് ഒരുപാടുസ്നേഹത്തോടെ ഹൃദയംനിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും.

### HC 17/16 അഭിനന്ദനങ്ങൾ

ഈ വർഷം തിരുബാലസഖ്യത്തിന്റെ ഓഫീസ് സെക്രട്ടറിമാ രായി സേവനമനുഷ്ഠിച്ച് മെയ് 19-ാം തീയതി വൈദികവസ്ത്രം സ്വീകരിച്ച ബ്ര. അമൽ മണിമലക്കുന്നേലിനും, ബ്ര. സാൻജോ കൊച്ചുപറമ്പിലിനും അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ.

### HC 18/16 തിരുബാലസഖ്യം രൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും, ആനിമേറ്റേഴ്സ് - ലീഡേഴ്സ് മീറ്റും

ഇടുക്കി രൂപതാ തിരുബാലസഖ്യത്തിന്റെ 2016-17 പ്രവർത്തന വർഷ ഉദ്ഘാടനം 2016 ജൂൺ 25-ാം തീയതി ശനിയാഴ്ച രാവിലെ 10.00 ന് വാഴത്തോപ്പ് കത്തീഡ്രലിൽ നടത്തപ്പെടുന്നു. ഓരോ ഇടവക യിൽനിന്നും ബഹുമാനപ്പെട്ട ആനിമേറ്റേഴ്സും, തിരെഞ്ഞെടുക്ക പ്പെടുന്ന പ്രസിഡന്റും, സെക്രട്ടറിയും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കുവാൻ ശ്രദ്ധിക്കുമല്ലോ.



## ചെറുപുഷ്പ മിഷൻലീഗ്

### CML 16/16 ശാഖാ തിരഞ്ഞെടുപ്പ്, കൗൺസിൽ

ഇടുക്കി രൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ എല്ലാ ശാഖ കളിലും ജൂൺ മാസം 5-ാം തീയതി ഞായറാഴ്ച ശാഖാ കൗൺസിൽ വിളിച്ചുചേർത്ത് ശാഖാ തിരഞ്ഞെടുപ്പ് നടത്തുമല്ലോ.

### CML 17/16 ജോയിന്റ് ഡയറക്ടേഴ്സ് സംഗമം

സി.എം.എൽ. ഇടുക്കി രൂപതയുടെ 2016-17 പ്രവർത്തന വർഷത്തെ പ്രഥമ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് 2016 ജൂൺമാസം 11-ാം തീയതി ശനിയാഴ്ച കരിമ്പൻ ബിഷപ്സ് ഹൗസിൽ രാവിലെ 9 മണിക്ക് വിശുദ്ധ കുർബാനയോടുകൂടി ആരംഭിക്കും. എല്ലാ ശാഖാ, മേഖല ജോയിന്റ് ഡയറക്ടർ സിസ്റ്റേഴ്സും പ്രസ്തുത സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെ പറഞ്ഞുവിടുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഡയറക്ടറച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

### CML 18/16 മേഖലാ കൗൺസിൽ, മേഖലാ മാനേജിംഗ് കമ്മറ്റി

ജൂൺ മാസം 18, 19 ശനി, ഞായർ ദിവസങ്ങളിലായി രൂപത യിലെ 12 മേഖലകളിലും മേഖലാ കൗൺസിലും, മാനേജിംഗ് കമ്മ റ്റിയും, ഒഴിവുള്ള സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പും നടത്തേണ്ട താണ്. മേഖലാ കൗൺസിലിന് രൂപതാ പ്രധിനിധി നേതൃത്വം നല്കു ന്നതാണ്. മേൽപ്പറഞ്ഞ ദിവസങ്ങളിൽ മേഖലകൾക്ക് സൗകര്യപ്രദ മായ ദിവസം മേഖലാ കൗൺസിൽ നടത്താവുന്നതാണ്.

### CML 19/16 പ്രവർത്തന ഫണ്ട്

എല്ലാ ശാഖകളിലും രൂപതാതല പ്രവർത്തന ഫണ്ട് ഓരോ അംഗങ്ങളിൽ നിന്നും 20 രൂപ വീതം ശേഖരിച്ച് രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## CML 20/16 വാർഷിക റിപ്പോർട്ട്

2015-16 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ട് ഇനിയും തരാത്ത ശാഖകളും മേഖലകളും ജൂൺ 10-ാം തീയതിക്കകം റിപ്പോർട്ട് രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

# കെ.സി.എസ്.എൽ.

## KCSL 22/16 പുതിയ നേതൃത്വം

കെ.സി.എസ്.എൽ. ഇടുക്കി രൂപതയുടെ ഡയറക്ടറായിരുന്ന ഫാ. ജെയിംസ് മാക്കിയിൽ 3 വർഷത്തെ സേവനം പൂർത്തിയാക്കി മൈനർ സെമിനാരി സ്പിരിച്ചൽ ഡയറക്ടറായി നിയമിതനാവുകയും, പുതിയ ഡയറക്ടറായി റവ. ഫാ. മാത്യൂ പുതുപ്പറമ്പിൻ നിയമിതനാവുകയും ചെയ്തു. പുതിയ ഡയറക്ടറച്ചന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും സ്വാഗതവും, റവ. ഫാ. ജെയിംസ് മാക്കിയിലച്ചന് കെ.സി.എസ്.എൽ. കുടുംബത്തിന്റെ നന്ദിയും അറിയിക്കുന്നു.

## KCSL 23/16 വൈദീക വസ്ത്ര സ്വീകരണം

ആറുമാസക്കാലം ഇടുക്കി രൂപത കെ.സി.എസ്.എൽ. കുടുംബത്തിൽ റീജൻസി പൂർത്തിയാക്കി ബ്രദർ അമൽ മണിമലക്കുന്നേലും, ബ്രദർ സാൻജോ കൊച്ചുപറമ്പിലും കഴിഞ്ഞ മെയ് 19-ാം തീയതി വൈദിക വസ്ത്രം സ്വീകരിക്കുകയും, യഥാക്രമം ആലുവ, കോട്ടയം, മേജർ സെമിനാരികളിലേക്ക് സെമിനാരി പഠനത്തിനായി പോവുകയും ചെയ്യുന്നു. ശതാബ്ദി വർഷത്തിൽ കെ.സ്.എസ്.എൽ. ഇടുക്കി രൂപതയ്ക്കു നല്കിയ ആത്മാർത്ഥമായ സേവനത്തിന് നന്ദിയും സെമിനാരി പരിശീലനത്തിന് പ്രാർത്ഥനകളും നേരുന്നു.

## KCSL 24/16 പുതിയ അദ്ധ്യയന വർഷത്തിന്റെ ഭാവുകങ്ങൾ

കെസി.എസ്.എൽ. കുടുംബവും, ആനിമേറ്റേഴ്സും, കുട്ടികളും പുതിയ പഠനവർഷത്തിലേക്ക് പ്രവേശിക്കുന്നു. 101-ാം വർഷത്തിലെ സംഘടനാ പ്രവർത്തനങ്ങളും ആരംഭിക്കുകയാണ്. കൂട്ടുകാർക്കെല്ലാം പുതിയ ക്ലാസുകളിൽ എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.



## KCSL 25/16 സംസ്ഥാന ക്യാമ്പ് സമാപിച്ചു

കെ.സി.എസ്.എൽ സംസ്ഥാന സമിതി കൊല്ലത്ത് നടത്തിയ ക്യാമ്പിൽ ഇടുക്കി രൂപതയിൽ നിന്നും 27 കുട്ടികളും, 4 അദ്ധ്യാപകരും പങ്കെടുത്തു. സംസ്ഥാന ക്യാമ്പ് വിദ്യാർത്ഥികളുടെ നേതൃപാടവത്തെ വളർത്തുവാൻ ഉതകുന്ന തരത്തിലുള്ള നല്ല പരിശീലനമാണ് നല്കിയത്. പുതിയ സംസ്ഥാന ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന HSS സെക്രട്ടറി : അനിറ്റ മാത്യു, SGHSS വാഴത്തോപ്പ്, HS സെക്രട്ടറി : ഏയ്ഞ്ചിലീന ജോസ്, STHS ഇരട്ടയാർ, UP സെക്രട്ടറി : ആദർശ് ടോം, STUPS ഇരട്ടയാർ, എന്നിവർക്ക് അഭിനന്ദനങ്ങളും, മികച്ചരീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ ആശംസകളും നേരുന്നു.

# ഫാമിലി അപ്പോസ്റ്റലേറ്റ്

## FA 12/16 ജോർദ്ദാനിയ - സമൂഹമാമോദീസ ഇരട്ടയാർ

വലിയ കുടുംബങ്ങളിലെ ശിശുക്കളുടെ പ്രവേശക കൂദാശകളുടെ പരികർമ്മത്തിനായി 2016 ജൂൺ 25 ന് ഇരട്ടയാർ സെന്റ് തോമസ് ഫൊറോന ദൈവാലയം വേദിയാകുന്നു. രാവിലെ 10 മണിക്ക് അഭി. മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് കാർമ്മികത്വം വഹിക്കുന്ന പ്രസ്തുത തിരുകർമ്മങ്ങളിൽ പങ്കെടുക്കുവാനുള്ളവരുടെ പേരുവിവരം 2016 ജൂൺ 20 ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ അറിയിക്കണം. ഭക്ഷണവും മറ്റും ക്രമീകരിക്കേണ്ടതിനാൽ കുടുംബങ്ങളുടെ എണ്ണവും ആളുകളുടെ എണ്ണവും നല്കുമല്ലോ.

## FA 13/16 നന്ദി, അനുമോദനങ്ങൾ

2015 മെയ് മുതൽ 2016 ഏപ്രിൽ 30 വരെ കുടുംബ പ്രേഷിത

ശുശ്രൂഷകളിലും മറ്റിതര സംഘടനകളിലും പ്രവർത്തിച്ച് റീജൻസി പൂർത്തിയാക്കി, വൈദീകവസ്ത്രം സ്വീകരിച്ച് ദൈവശാസ്ത്രപഠനത്തിനായി പോകുന്ന ബഹു. ബ്ര. ജേക്കബ് വെള്ളകൊളമ്പേലിനും, ബ്ര. ജേക്കബ് മങ്ങാടൻപള്ളിക്കും പ്രത്യേകം നന്ദിയും അനുമോദനങ്ങളും വിജയാശംസകളും നേരുന്നു.

**FA 14/16 ഏലീശ്വാ ധ്യാനം**

2016 ജൂൺ 24 വെള്ളി വൈകുന്നേരം 5 മുതൽ 26 ഞായർ 3.30 വരെ അടിമാലി ആത്മജ്യോതിയിൽ നടത്തപ്പെടുന്നു.

**FA 15/16 വിവാഹ ഒരുക്ക ധ്യാനങ്ങൾ**

| | | |
|---|---|---|
| 2016 ജൂൺ | 13 തിങ്കൾ - 15 ബുധൻ, | ആത്മജ്യോതി, അടിമാലി |
| 2016 ജൂൺ | 27 തിങ്കൾ - 29 ബുധൻ, | ,, |
| 2016 ജൂലൈ | 11 തിങ്കൾ - 13 ബുധൻ, | ,, |

**FA 16/16 നവോമി കുടുംബശുശ്രൂഷ**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിലായി 8000 ത്തിലധികം വിധവകൾ കുടുംബ ഉത്തരവാദിത്വം നിർവഹിക്കുന്നു. ഈ കുടുംബങ്ങളിൽ സാമ്പത്തികമായി നിർദ്ധനരായവരുടെ വിവാഹ-വിദ്യാഭ്യാസ-ചികിത്സാ സഹായങ്ങൾ പരസ്പരാശ്രയത്വത്തിലും സഹകരണത്തിലും രൂപപ്പെടുത്തുവാൻ വിധവകളുടെ കൂട്ടായ്മ ഇടവകാതലത്തിൽ സംഘടിപ്പിക്കുന്നു. 20 ലധികം വിധവകളുള്ള എല്ലാ ഇടവകകളിലും എസ്.എച്ച്.ജി. കൾ രൂപപ്പെടുത്തി അവരെ സഹായിക്കാൻ ബഹു. വികാരിമാരുടെ പ്രോത്സാഹനവും സഹകരണവും പ്രതീക്ഷിക്കുന്നു.

**FA 17/16 സ്വാഗതം, അഭിനന്ദനങ്ങൾ**

ഇടുക്കി രൂപതാ കുടുംബപ്രേഷിതശുശ്രൂഷയിലേക്ക് നിയമിതനായിരിക്കുന്ന ബഹു. മാത്യൂ ഇരുമ്പുകുത്തിയിലച്ചന് സ്വാഗതം. ചങ്ങനാശ്ശേരി തുരുത്തിയിലുള്ള ദൈവശാസ്ത്ര പഠനകേന്ദ്രത്തിൽ നിന്ന് വിവാഹ-കുടുംബ വിഭാഗത്തിൽ ലൈസൻഷ്യേറ്റ് കരസ്ഥമാക്കിയ അച്ചന് അനുമോദനങ്ങൾ നേരുന്നു.



## മാതൃവേദി

**MV 12/16 നന്ദി**

കഴിഞ്ഞ 7 വർഷങ്ങൾ ഇടുക്കി രൂപതയിലെ മാതൃകൂട്ടായ്മയിൽ പ്രവർത്തിക്കാൻ നിയോഗിക്കപ്പെട്ട ഫാ. ജോസഫ് കൊല്ലക്കൊമ്പിലച്ചനോട് സഹകരിച്ച് മാതാക്കളുടെ വളർച്ചക്കായി പ്രവർത്തിച്ച രൂപതാ-മേഖലാ-ശാഖാതലങ്ങളിലെ ബഹു. ഡയറക്ടന്മാർ, മോഡറേറ്റർമാർ, ഭാരവാഹികൾ എന്നിവർക്കും എല്ലാ അമ്മമാർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**MV 13/16 സ്വാഗതം**

2016 മെയ് 21 മുതൽ ഇടുക്കി രൂപതയുടെ മാതൃവേദി ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. മാത്യു ഇരുമ്പുകുത്തിയിലച്ചന് ഹൃദ്യമായ സ്വാഗതം

**MV 14/16 മാറ്റിവച്ചു**

രൂപതാ അർദ്ധവാർഷിക സംഗമം പുതിയ ഡയറക്ടറച്ചന്റെ തീരുമാനത്തിലേയ്ക്കായി മാറ്റിവച്ചതിനാൽ മാർഗ്ഗരേഖയനുസരിച്ച് ഉണ്ടായിരിക്കുന്നതല്ല.



## പ്രാർത്ഥനാ ഗ്രൂപ്പ്

**PG 17/16 പന്തക്കുസ്ത ദിനാചരണം**

ഈ വർഷത്തെ പന്തക്കുസ്താ ദിനാചരണം ഇടുക്കി സോണിലെ വിവിധ സബ്സോണുകളിൽ നടന്നു. മെയ് 14-ാം തീയതി വൈകിട്ട് 6 മുതൽ 9 വരെ വാഴത്തോപ്പ്, തോപ്രാംകുടി, പാറത്തോട്, രാജാക്കാട്, അടിമാലി സബ്സോണുകളിൽ നടന്ന കൂട്ടായ്മയിൽ ആയിരത്തോളം ആളുകൾ പങ്കെടുത്തു. ഫാ. ജോസ് നരിതൂക്കിൽ,

ഗിൽബർട്ട് അങ്കമാലി, ഫാ. ജെയിംസ് കക്കുഴി എന്നിവർ വിവിധ സ്ഥലങ്ങളിൽ ക്ലാസ്സുകളെടുത്തു. പ്രോഗ്രാമിന് രൂപതാ ഡയറക്ടർ ഫാ.ജോർജ്ജ് നിരവത്ത്, സോണൽ കോ ഓർഡിനേറ്റർ ജോസുകുട്ടി ചക്കുങ്കൽ, സെക്രട്ടറി സണ്ണി വളവനാട്ട് എന്നിവർ നേതൃത്വം നൽകി.

### PG 18/16 പുതിയ നേതൃത്വം

പ്രാർത്ഥനാഗ്രൂപ്പുകളുടെ പുതിയ രൂപതാ ഡയറക്ടറായി ചുമതലയേറ്റ റവ. ഫാ. ജോസഫ് കോയിക്കലിനെ സ്വീകരിക്കുവാനും പുതിയ ദൗത്യത്തിലേക്ക് പ്രവേശിക്കുന്ന റവ. ഫാ. ജോർജ്ജ് നിരവത്തിന് നന്ദി പ്രകാശിപ്പിക്കുവാനുമായി മെയ് 18 ന് വൈകിട്ട് ചുരുളി സെന്റ് തോമസ് ദേവാലയത്തിൽ ഒന്നിച്ചുകൂടി. ബഹു. ജോർജ്ജ് നിരവത്തച്ചന്റെ കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനങ്ങളേയും ത്യാഗങ്ങളേയും നന്ദിയോടെ വിലയിരുത്തപ്പെട്ടു. റവ. ഫാ. ജോസ് നരിതൂക്കിൽ, ജോസുകുട്ടി ചക്കുങ്കൽ, സണ്ണി വളവനാട്ട് എന്നിവർ നേതൃത്വം നൽകി.

### PG 19/16 അഭിഷേകാഗ്നി ബൈബിൾ കൺവൻഷൻ

കാരുണ്യവർഷത്തിൽ വാഴത്തോപ്പിൽ നടന്ന കൺവൻഷനിൽ രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി പതിമൂവായിരത്തോളം ആളുകൾ പങ്കെടുത്തു. അട്ടപ്പാടി സെഹിയോൻ ടീമിന്റെ നേതൃത്തിൽ റവ. ഫാ. സേവ്യർ ഖാൻ വട്ടായിലാണ് കൺവൻഷൻ നയിച്ചത്. റവ. ഫാ. ജോർജ്ജ് നിരവത്ത്, റവ. ഫാ.ജോസ് ചെമ്മരപ്പള്ളിൽ എന്നിവർ നേതൃത്വം നൽകി.



## കേരള ലേബർ മൂവ്മെന്റ്

### KLM 23/16 ദേശീയ സമ്മേളനം

C.B.C.I. ലേബർ കമ്മീഷന്റെയും വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെയും നേതൃത്വത്തിൽ ഇന്ത്യയിലെ എല്ലാ രൂപതാ ഡയറക്ടർമാരുടെയും കെ.എൽ.എം. സംസ്ഥാന ഭാരവാഹികളുടെയും ദ്വിദിന സമ്മേളനം ജൂൺ 1, 2 തീയതികളിൽ ബാംഗ്ലൂർ ഇന്ദിര നഗർ മോണ്ട് ഫോർട്ട് സ്പിരിച്ചാലിറ്റി സെന്ററിൽ നടക്കും.

### KLM 24/16 മെയ്ദിനാഘോഷം നടത്തി

കെ.എൽ.എം. ഇടുക്കി രൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മെയ്ദിനാചരണം തോപ്രാംകുടി മർച്ചന്റ് അസോസിയേഷൻ ഹാളിൽ നടത്തി. രൂപതാ പ്രസിഡന്റ് ജോർജ്ജ് അമ്പഴം ഉദ്ഘാടനം ചെയ്ത യോഗത്തിൽ കെ.എൽ.എം. രൂപതാ സെക്രട്ടറി എം.ജെ. ഡേവിസ് അദ്ധ്യക്ഷത വഹിച്ചു. ജോജി കണിയാംപറമ്പിൽ, വിലാസിനി, പ്രസന്ന, ജെസി ജോസഫ്, ബിനോയി തേനാംങ്കര തുടങ്ങിയവർ സംസാരിച്ചു.

### KLM 25/16 KLM വനിതാ ഫോറം തൊഴിലാളികൾ

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിരിക്കുന്ന വനിതാ ഫോറം തൊഴിലാളികൾ ജോലിക്കിറങ്ങുന്നു. മണിക്കൂറിന് 50, 60, 70 രൂപ നിരക്കിലാണ് കൂലി നിശ്ചയിച്ചിരിക്കുന്നത്. പുല്ലുവെട്ട്, കാട് തെളിക്കൽ 50 രൂപയും, തൂമ്പാപണിക്ക് 60 രൂപയും, ചുമട് ജോലിക്ക് 70 രൂപയുമാണ് കൂലി. കൂലിക്കാരെ ആവശ്യമുള്ളവർക്ക് അന്വേഷണങ്ങൾക്ക് - 9495125585.

### KLM 26/16 കെ.എൽ.എം. സുരക്ഷ/അടൽപെൻഷൻ

കെ.എൽ.എം. സുരക്ഷയിൽ അംഗങ്ങൾ ആയവരിൽ 40 വയസ്സിൽ താഴെയുള്ളവർക്ക് അടൽ പെൻഷൻ പദ്ധതിയിലേക്ക് മാറാൻ താല്പര്യമുള്ളവർക്ക് അതിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതാണ്. രൂപതാ ഓഫീസുമായി താല്പര്യമുള്ളവർ ബന്ധപ്പെടേണ്ടതാണ്.

## KLM 27/16 സുരക്ഷാ പ്രാൺ കാർഡ് നഷ്ടപ്പെട്ടവർക്ക് വീണ്ടും അപേക്ഷിക്കാം

കെ.എൽ.എം. സുരക്ഷ പ്രാൺ കാർഡ് നഷ്ടപ്പെട്ടവർക്ക് 30 രൂപ ഫീസോടെ വീണ്ടും അപേക്ഷിക്കാം. അതിനുള്ള ഫോറങ്ങൾ രൂപതാ ഓഫീസിൽ ലഭ്യമാണ്.

## KLM 28/16 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

കേരളാ ലേബർ മൂവ്മെന്റ് സുരക്ഷാ പദ്ധതിയിലും, നിർമ്മാണ തൊഴിലാളി, തയ്യൽ തൊഴിലാളി, തോട്ടം തൊഴിലാളി ഫോറങ്ങളിലും ചേർന്നിട്ടുള്ളവരുടെ മക്കളിൽ പത്താം ക്ലാസ്സുമുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## KLM 29/16 സ്റ്റേറ്റ് റിസോഴ്സസ് ടീം

ഓരോ രൂപതയിൽ നിന്നും 5 പേരെ ഉൾപ്പെടുത്തി കെ.എൽ.എം. സ്റ്റേറ്റ് റിസോഴ്സ് ടീം രൂപികരിക്കുവാൻ സംസ്ഥാന കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്. ആയതിലേക്ക് യോഗ്യരായ, താല്പര്യമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ ജൂൺ 15 ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## KLM 30/16 A+ വിജയികളെ ആദരിക്കുന്നു

കഴിഞ്ഞ വർഷം SSLC, +2 വിദ്യാർത്ഥികളിൽ മുഴുവൻ വിഷയങ്ങൾക്കും A+ വാങ്ങിയ ഇടുക്കി രൂപതാതിർത്തിയിലുള്ള കുട്ടികൾക്ക് കെ.എൽ.എം. ഇടുക്കി രൂപത മൊമെന്റോ നല്കി ആദരിക്കുന്നു. താല്പര്യമുള്ള കുട്ടികൾ ജൂൺ 10 ന് മുമ്പ് പേരുകൾ നല്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക - 9495125585.

## KLM 31/16 വേളാങ്കണ്ണി തീർത്ഥാടനം

രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 11, 12 തീയതികളിൽ വേളാങ്കണ്ണി തീർത്ഥാടനം സംഘടിപ്പിക്കുന്നു. ഭക്ഷണം ഉൾപ്പെടെ എല്ലാ ചിലവുകൾക്കുമായി ഒരാൾക്ക് 1300 രൂപയാണ് ഫീസ്. താല്പര്യമുള്ളവർ 250 രൂപാ അടച്ച് പേരുകൾ രജിസ്റ്റർ ചെയ്യണം.





കെ.എൽ.എം. ഇടുക്കി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തിയ മെയ്ദിനാചരണം രൂപതാ പ്രസിഡന്റ് ജോർജ്ജ് അമ്പഴം ഉദ്ഘാടനം ചെയ്യുന്നു.


### എസ്.എച്ച്. ലീഗ് പുസ്തകമേള 2016

ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ
ജൂൺ 15 മുതൽ ജൂലൈ 15 വരെ
എസ്.എച്ച്. ലീഗ് പുസ്തകമേള സംഘടിപ്പിക്കുന്നു.
പ്രവർത്തന സമയം 9.00 am മുതൽ 4.00 pm വരെ
വമ്പിച്ച ആദായ വില്പന
10% മുതൽ 50% വരെ വിലക്കുറവ്
ഇന്ത്യയിലെ പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ
സൺഡേ ലൈബ്രറിക
ൾക്ക് പ്രത്യേക പരിഗണന

Contact Us : Phone: 0484-2606745, 2606746
Email: shleaguealwaye@gmail.com




01 കുതിരക്കല്ല് പള്ളിയുടെ ഇടവകദിനാഘോഷത്തിൽ പങ്കെടുത്ത് വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി.

02 മേരിലാന്റ് പള്ളിയിൽ ഡീക്കൻ പോൾ കുമ്മിണിയിലിന് വൈദി കപട്ടം നല്കി.

03 രാജമുടി ക്രിസ്തുരാജ് ദൈവാലയത്തിൽ നടന്ന എസ്.എച്ച്. സന്യാസിനികളുടെ നിത്യവ്രതവാഗ്ദാന ശുശ്രൂഷയിൽ കാർമ്മി കത്വം വഹിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നല്കു കയും ചെയ്തു.

05 കുഞ്ചിത്തണ്ണി പള്ളിയിൽ വി. കുർബ്ബാനയർപ്പിച്ചു.

06 കൈലസപ്പാറ പള്ളിയിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

07-08 കാന്തിപ്പാറ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

* കത്തീഡ്രൽ ഇടവകയിൽ നടന്ന അഭിഷേകാഗ്നി കൺവെൻ ഷൻ ഉദ്ഘാടനം ചെയ്തു

12 ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കായി കത്തീ ഡ്രലിൽ ഒരുക്കിയ എയ്ഞ്ചൽസ് മീറ്റിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി.

14 ബിഷപ്സ് ഹൗസിൽ നടന്ന വിധവകളുടെ കുടുംബ സമ്മേള നം (നവോമി കൂട്ടായ്മ) ഉദ്ഘാടനം ചെയ്തു.



* അടിമാലി ആത്മജ്യോതിയിൽ വിൻസെന്റ് ഡി പോൾ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

15 കൊക്കരക്കുളത്ത് (മുളകുവള്ളി) പുതുക്കിനിർമ്മിച്ച കുരിശു പള്ളി വെഞ്ചരിപ്പു.

17 മൈനർ സെമിനാരിയിൽ നടത്തിയ മേജർ സെമിനാരിക്കാരുടെ സംഗമത്തിൽ സന്ദേശം നൽകി.

19 മൈനർ സെമിനാരിയിൽ 13 വൈദികവിദ്യാർത്ഥികൾക്ക് വൈദി കവസ്ത്രം നൽകി.

21 കാക്കനാട് ഫാമിലി കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന പീഡി യാട്രിക് ഡോക്ടേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു.

* രാജപുരം പൂമാങ്കണ്ടത്ത് പുതുതായി നിർമ്മിച്ച സ്റ്റേഷൻ പള്ളി യുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

26 കമ്പിലൈനിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാ ശാകർമ്മം നടത്തി.

27 ബിഷപ്സ് ഹൗസിൽ ഒരു വൈദികവിദ്യാർത്ഥിക്ക് വൈദിക വസ്ത്രവും, മറ്റു രണ്ടുപേർക്ക് ഹെവുപ്പദ്യാക്കോന, മ്ശംമ്ശാന പട്ടങ്ങളും നൽകി.

29 മണിയാറൻകുടിയിൽ വൈദികമന്ദിരം വെഞ്ചരിച്ചു.






| | | | |
|---|---|---|---|
| 04 | | - | വാഴത്തോപ്പ് |
| 06-08 | | - | കെ.സി.ബി.സി. എറണാകുളം |
| 13 | | - | മാമോദീസ, കൊഴുവനാൽ |
| 22 | 10.00 am | - | പ്രസ്ബിത്തേരിയം, അടിമാലി |
| 25 | 10.00 am | - | ജോർദ്ദാനിയ മാമോദീസ, ഇരട്ടയാർ |

